ഇണപിരിയാത്ത ഒരു കളിത്തോഴിയുണ്ടു ബാലനു്—പരിശുദ്ധി. ഈശ്വരസാക്ഷാല്ക്കാരം ലഭിച്ച യതിവര്യന്മാരെപ്പോലും വ്യാമോഹിപ്പിക്കുന്ന ദുർവൃത്തന്മാരെ സദ്വൃത്തിയിലേക്കാനയിക്കുന്ന പരിശുദ്ധി. അതു ബാലന്റെ സ്വത്താണ്. ദുരാചാരവ്രതനായ പുരുഷനെ സൽപഥത്തിലേക്കാനയിക്കുവാൻ ഭാര്യക്കു വർഷങ്ങൾ വേണം. ബാലനു നിമിഷങ്ങൾ മതി. ഈശ്വരപ്രസാദം ലഭിക്കുന്നതിനു വൃദ്ധൻ കാഴ്ചകൾ അർപ്പിക്കുന്നു. ബാലന്റെ അഞ്ജലിബന്ധം അധികമാണ്.

ഗുരുവര്യന്മാർക്കു ഒരു വിചാരമുണ്ട്. ഈ ശലഭത്തെ ക്ലാസ്സിൽ—ഒരു കൂട്ടിൽ—ഇട്ടു അടയ്ക്കാമെന്ന്. വ്യാമോഹം! പണ്ഡിതശിരോമണിയെന്നഭിമാനിക്കുന്ന ആ ഗുരു പറയുകയാണ് "ഭൂമി ഉരുണ്ടതാണ്." ആശ്ചര്യം കോരി വിളമ്പുന്ന മന്ദസ്മിതം തൂകിക്കൊണ്ടു ബാലൻ സാകൂതം ചോദിക്കയാണ്, "തെളിയിക്കാമോ" എന്ന്. പാവം! അദ്ധ്യാപകൻ! എന്തു പറയാനാണ്. ഗുരു പറയും "ശപ്പൻ, ധിക്കാരി, ഇരിക്കു അവിടെ." ചിറകെട്ടിയ ആററുവെള്ളം പോലെ ബാലൻ അല്പനേരത്തേക്കു സ്വസ്ഥനാകുന്നു.

അബ്ധിയുടെ അഗാധതയിൽ ആണ്ടു കിടക്കുന്ന പലതിനെയും പുറത്തെടുക്കുവാ

ൻ ശാസ്ത്രകാരനു—അഥവാ യന്ത്രകാരനു ശക്യമാണ്. മോഹനമായ ഒരു ശ്ലോകത്തിൻെറ ശ്രദ്ധാർത്ഥം കണ്ടുപിടിക്കുന്നതിനു പണ്ഡിതനു നിഷ്പ്രയാസമാണ്. അഹോ! അവക്തവ്യമായ ഒരു അർത്ഥം ആ കിലുകിലച്ചിരിയിൽ അന്തർഭൂതമായിരിക്കുന്നു.

താരമില്ലാത്ത അന്തരിക്ഷം, കമ്പിയില്ലാത്ത വിണ, ബാലനില്ലാത്ത ഗൃഹം, ഗന്ധമില്ലാത്ത പുഷ്പം ഇതെല്ലാം അനാസ്വാദ്യം!

സ്വാത്മതയോടുകൂടി സോദരി ചോദിക്കും "അനുജാ! എന്നോടല്ലേ സ്നേഹം കൂടുതൽ?" എന്ന്. അർത്ഥവത്തായ ഒരു വീക്ഷണം മാതാവിൻെറമേലാണു പതിക്കുന്നതു. അടുത്തിരുന്നുകൊണ്ടു പിതാവു പറയും "അവനു എന്നോടാണു സ്നേഹം കൂടുതൽ." പാവം! ബാലൻ. ആ മാതൃമുഖത്തിലേക്കു, പരമാശ്രയസങ്കേതത്തിലേക്കു തന്നെ വീണ്ടും നോക്കും. ആ ചുണ്ട് ഒന്നു വികസിക്കും. ആകാരം ഒന്നു ആയും. ഒരു സ്നേഹമുദ്ര മാതൃഗണ്ഡങ്ങളിൽ പതിയുന്നു.

ലോകം ഒരു പാദപമാണെങ്കിൽ ബാലൻ അതിൻെറ ശാഖിയിൽ പ്രശോഭിക്കുന്ന ഒരു മോഹനകുസുമമാണ്; ആഴിയാണെങ്കിൽ അതിലെ വെൺനുരച്ചാർത്താണ്. ലോകം ഒരു മാലയാണെങ്കിൽ അതിലെ പതക്കമാണു ബാലൻ. അതൊരു ശുകമാണെങ്കിൽ അതിൻെറ കളകളാലാപവുമാണ്.

ഷേക്സ്പിയരും കാളിദാസനും ബാല്യത്തെ നോക്കി കുറിച്ച കുറിമാനങ്ങളാണ് ഇന്നു അക്ഷയങ്ങളായ രത്നങ്ങൾ. ന്യൂട്ടണും മിൽട്ടണും എയിൻസ്റ്റനും ടോൾസ്റ്റോയിയും ഒരിക്കൽ ബാലരായിരുന്നുവല്ലോ എന്നു സ്മരിക്കുമ്പോഴാണു നാം ബാലനെ ശരിയായി കാണുന്നത്. അവനെ നോക്കി കുത്തിക്കുറിക്കുന്നതു — ബാലൻ— അവൻ എന്നെന്നും ജയിക്കും.

---

## അർത്ഥനാഞ്ജലി

### ജിഹാംഗീർ:—(നൂർജിഹാനോട്)

*(ഓമനക്കുട്ടൻ—എന്ന മട്ട്)

"എന്തിനേവം വദനം താഴ്ത്തി നീ
ബന്ധുരേ! കരഞ്ഞിടുന്നു?
ചെന്തളിർ മേനി തന്നൊളി ബാഷ്പം
ചിന്തി നീ കുഴകിടുന്നോ ?
ഹന്ത! നിൻെറ ഹൃദന്തം സന്താപ–
ദന്തുരിത മാക്കിടൊലാ.

ഭാരതാമല രാജ്യലക്ഷ്മി നിൻ
പാദതാരു പണിയവേ,
ജീവിതാകാശം താവകം ഭാഗ്യ–
താരകാമലമാകവേ,
താല വൃന്തസപര്യയാൽ രാജ–
നാരികൾ ചുററും ചൂഴവേ,
രാഗലാളിത കോമളം മമ
മാനസം നിന്നിലാഴവേ,
എന്തിനു നീ കഴിഞ്ഞ കാലത്തിൻ
വെന്ത ചിന്തയിൽ വേവുന്നു?

മംഗളാത്മികേ ! നീ മമാലയ-
മഞ്ജുള*ദീപ മാലിക !
മന്ദഭാഗ്യമരുത്തണഞ്ഞതു
മങ്ങുകില്ലൊരുനാളിലും.
നിർമ്മല 'സ്നേഹ' ദീപ്തിയാലതു
നിസ്തുലപ്രഭ പൂണ്ടിട്ടും.
ചിന്നിടുമതു പൊൻകതിർ, കണി-
ക്കൊന്ന തൻ മലർ മാലപോൽ !
മന്നിടമതിൻ കാന്തി പൂരത്താൽ
മിന്നി മിന്നിത്തിളങ്ങിടും.

വിശപസൌഭാഗ്യദായിനി, സുധാ-
വശ്യസുന്ദരഭാഷിണി!
വാണിരുന്നു നീ കേവലമൊരു-
വാണിഗപ്രാണനാഥയായ്.
ചേറിൽ വീണൊളി മങ്ങിയ വെറും
മാണിക്യക്കല്ലു മാതിരി!
ഇന്നിതാ 'രാജ' സുന്ദര കര-
മുന്നതാനന്ദമേല്ക്കയാൽ
വാരനാരികൾ വാർമുടി തന്നിൽ
ചൂടിടും നവരത്നമായ് !

പൊന്നൊളിക്കതിർതൂകി വന്നൊരി
നവ്യമോഹനോഷസ്സിലായ്
നീ കവാടമടപ്പതെന്തയേ
നാക നിർവൃതി ദായികേ!

മാടി നമ്മെ വിളിച്ചിടുന്നു പൂ-
വാടിയാടിടും വല്ലിയാൽ
പാടിടുന്നിണയൊത്തു പൂങ്കുയിൽ
ആടലേശാതെ മോടിയിൽ
വന്നണഞ്ഞു വസന്തലക്ഷ്മിയാൾ
പിന്നെയും നൂമ വാടിയിൽ
നിന്നിടുന്നവൾ നിനിമേഷയായ
നിന്നെയും കാത്തു ഖിന്നയായ്
കഷ്ടമാണിതുപോലെയെന്നും നി
നഷ്ടമാക്കിലീ വേളകൾ !

S. K. Nayar,
U. C. College,
Alwaye.

* നൂർമഹാൽ കൊട്ടാരത്തിലെ ദീപം.



---

## പ്രാഥമിക വിദ്യാഭ്യാസ നവീകരണം

ലോകത്തിൽ ഇന്നു നിലവിലിരിക്കുന്ന ഏതൊരു സ്ഥാപനവും പലപ്പോഴായി പലതര പരിഷ്കാരങ്ങൾക്കും വിധേയമായിരുന്നു എന്ന് ആർക്കും നിഷ്പ്രയാസം കാണാവുന്നതാണ്. മനുഷ്യസമുദായം നാനാപ്രകാരേണയും അഭിവൃദ്ധിയെ പ്രാപിക്കുന്നതോടുകൂടി അതാതുകാലത്തെ ജീവിതരീതികളേയും ആവശ്യങ്ങളേയും ആധാരമാക്കി എല്ലാ സ്ഥാപനങ്ങളും പരിഷ്കരിക്കപ്പെടുകയെന്നതു എത്രയും ആവശ്യവും സ്വാഭാവികവും ആയിട്ടുള്ളതാണ്. ഇങ്ങനെ നോക്കുമ്പോൾ ഭാരത സാമ്രാജ്യത്തിൻെറ ഇന്നത്തെ അവസ്ഥയ്ക്കു വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളിൽ സാരമായ ചില ഭേദഗതികൾ വരുത്തേണ്ടതു വളരെ ആവശ്യമായിത്തീർന്നിട്ടുണ്ടെന്നുള്ളതിനു രണ്ടു പക്ഷമുണ്ടാകാൻ തരമില്ല. അതിൽ, പ്രാഥമിക വിദ്യാഭ്യാസത്തെപ്പററി മാത്രമേ ഇവിടെ ചുരുക്കമായി പ്രതിപാദിക്കണമെന്നു വിചാരിക്കുന്നുള്ളു.

ഭക്ഷണപദാർത്ഥങ്ങൾക്കു ഉപ്പെന്നപോലെ മനുഷ്യജീവിതത്തിൻെറ അതിപ്രധാനമായ ഒരു ഘടകമാണു വിദ്യാഭ്യാസമെന്നു ഇന്നുള്ളവരെ പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ല. എന്നാൽ ഉപ്പുതന്നെ വേണ്ടിടത്തു വേണ്ടിടത്തോളം ഉപയോഗിക്കാതിരുന്നാൽ ഭക്ഷണം ആസ്വാദ്യകരമല്ലാതായിത്തീരുന്നതുപോലെ വിദ്യാഭ്യാസവും ആവശ്യാനുസരണം വേണ്ട രീതിയിൽ നടത്താത്തപക്ഷം ഗുണത്തിനു പകരം ദോഷമാണുണ്ടാകുന്നതെന്നു കാണാവുന്നതാണ്. ജ്ഞാനസമ്പാദനത്തിൽ ഏകാഗ്രമായി പ്രവർത്തിക്കുന്നതിനുള്ള സൌകര്യം, ഗ്രഹണപടുത, ബുദ്ധികൂർമ്മത എന്നീ വിശേഷഗുണങ്ങൾ പിൽക്കാലങ്ങളെ അപേക്ഷിച്ച ബാല്യത്തിൽ വളരെ കൂടുതലായിരിക്കുന്നതിനാൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം എത്രമാത്രമെന്നൂഹിക്കാവുന്നതാണല്ലോ. ഭാവി പൌരന്മാരായിത്തീരാനുള്ള കുട്ടികളുടെ സ്വഭാവം, ആദർശങ്ങൾ എന്നിവ രൂപീകൃതങ്ങളായിത്തീരുന്നതു മിക്കവാറും വിദ്യാലയത്തിൽ വച്ചാണ്. ആ സ്ഥിതിക്കു ഏതൊരു രാജ്യത്തിൻെറയും ശോഭനമായ ഭാവി ഏറെക്കുറെ അവിടത്തെ പ്രാഥമിക വിദ്യാഭ്യാസസമ്പ്രദായങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നു പറയാം. അതിനാൽ പ്രാഥമിക വിദ്യാഭ്യാസപദ്ധതി എത്രയും സൂക്ഷ്മമായി നിർമ്മിക്കേണ്ട ഒന്നാണെന്നു സിദ്ധിക്കുന്നു. ഈ പ്രകാരമുള്ള പദ്ധതികൾ പല മഹാന്മാരും നിർദ്ദേശിക്കാറുണ്ടെങ്കിലും ഇപ്പോൾ ഭാരതത്തിനു യോജിച്ച രീതിയിലുള്ള ഒരു പദ്ധതി മഹാത്മഗാന്ധി ഉണ്ടാക്കിയിട്ടുള്ളതു വിദ്യാഭ്യാസ പ്രണയികളായ ഏവരുടെയും ആലോചനയ്ക്കു പ്രത്യേകം വിഷയീഭവിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയിൽ അടങ്ങിയിരിക്കുന്ന പ്രധാന തത്വങ്ങൾ എന്തെന്നും അവ എത്രമാത്രം പ്രായോഗികവും പ്രയോജനകരങ്ങളുമാണെന്നും നമുക്കു നോക്കാം.

ഇപ്പോൾ നടത്തിവരുന്ന നാലു വൎഷത്തെ പ്രാഥമിക വിദ്യാഭ്യാസം ഏഴു വൎഷമായി വർദ്ധിപ്പിക്കണമെന്നാണല്ലോ അദ്ദേഹത്തിൻെറ അഭിപ്രായം. ഭാരതത്തിൽ ഭൂരിഭാഗവും വിദ്യാഭ്യാസമില്ലാത്തവരാണ്. അതിനാൽ മിക്കവൎക്കും സാമാന്യമായ ഒരു ജ്ഞാനമെങ്കിലും സിദ്ധിക്കുന്നതിനു ഏഴു വൎഷത്തെ നിർബ്ബന്ധമായ സൌജന്യ വിദ്യാഭ്യാസം അത്യാവശ്യമാണ്. എന്നാൽ ഇപ്പോഴുള്ള മാതിരി പല പല വിഷയങ്ങൾ വിദ്യാൎത്ഥികളെ പഠിപ്പിക്കുന്നതിൽ വളരെ ശ്രദ്ധിക്കാനുണ്ട്. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ഓരോരോ ജീവിതവൃത്തികളിൽ ഏൎപ്പെടുന്നവരായിരിക്കും അധികം പേരും. അതുകൊണ്ടു ജീവിതത്തിൽ അത്യന്താപേക്ഷിതങ്ങളും പ്രായോഗികമാക്കാവുന്നവയുമായ സംഗതികളാണു പ്രാഥമിക വിദ്യാഭ്യാസംകൊണ്ടു സിദ്ധിക്കേണ്ടത്. ഇന്നത്തെ വിദ്യാലയങ്ങളിൽനിന്നും കിട്ടുന്ന അറിവിൻെറ എത്രയോ തുച്ഛമായ ഒരംശമാണു പിന്നീടുള്ള ജീവിതത്തിൽ പ്രയോജനപ്പെടുന്നതെന്നു അനുഭവവേദ്യമായിട്ടുള്ളതാണല്ലോ. അതിനാൽ ജീവിതത്തിൽ കൂടുതൽ പ്രയോജനപ്പെടുന്നവ കൂടുതലായി അഭ്യസിപ്പിക്കുന്നതിനു ശ്രമിക്കണം.

ഒന്നാമതായി വിദ്യാൎത്ഥികൾക്കു അവരുടെ മാതൃഭൂമിയോടു ഒരു മമത ഉണ്ടാകേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസം ഒരന്യഭാഷയിൽ നടത്തിയാൽ ആ ഭാഷ സംസാരിക്കുന്നവരുടെ ജീവിതരീതികളും സ്വഭാവവും കൂടുതലായി മനസ്സിലാക്കുന്നതിനും അവരോടു കൂടുതൽ ബഹുമാനം തോന്നുന്നതിനുമാണിടയുള്ളത്. അതുകൊണ്ടു വിദ്യാഭ്യാസം കഴിയുന്നിടത്തോളം മാതൃഭാഷയിൽത്തന്നെയാണു നടത്തേണ്ടത്. അതോടുകൂടി വിദ്യാൎത്ഥികൾ ദേശാഭിമാനികളായിത്തീരത്തക്കവണ്ണമുള്ള വിഷയങ്ങൾ അവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാകുന്നു.

വിദ്യാൎത്ഥികൾക്കു വ്യവസായപരമായ ഒരു വിദ്യാഭ്യാസം ഉണ്ടായിരിക്കേണ്ടതു എത്രയും അത്യാവശ്യമാണ്; ഭാവിയിൽ ഓരോ തൊഴിലുകളിൽ ഏൎപ്പെടുന്നതിനു താല്പൎയ്യവും ജ്ഞാനവും ഇതുകൊണ്ടു സിദ്ധിക്കുന്നു എന്നു മാത്രമല്ല, അവരവരുടെ ആവശ്യങ്ങൾക്കുള്ള പണം അവരവർ തന്നെ ഉണ്ടാക്കുന്നതിനും തന്മൂലം കുറേക്കൂടെ തന്റേടവും ഉത്തരവാദിത്വബോധവും സ്വാശ്രയശക്തിയും ഉണ്ടാകുന്നതിനും സാധിക്കുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള വ്യവസായങ്ങളിൽനിന്നുമുണ്ടാകുന്ന ആദായംകൊണ്ടു മാത്രം വിദ്യാഭ്യാസം നടത്തുകയെന്നുള്ളത് ഒരിക്കലും പ്രായോഗികമായിരിക്കയില്ല. പാരമ്പൎയ്യമായി സിദ്ധിച്ചിട്ടുള്ള വാസന കൊണ്ടും വളരെനാളത്തെ അഭ്യാസംകൊണ്ടുമാണ് ഓരോ തൊഴിൽകാൎക്കും അവരവരുടെ തൊഴിലുകളിൽ ഗണ്യമായ നൈപുണ്യം സിദ്ധിച്ചിട്ടുള്ളത്. ആ സ്ഥിതിക്ക് ആദ്യമായി തൊഴിൽ പരിശീലിക്കുന്ന വിദ്യാൎത്ഥികൾ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് അതാതു തൊഴിലുകളിൽ പ്രത്യേകം പ്രാവീണ്യമുള്ളവർ ഉണ്ടാക്കുന്ന സാധനങ്ങളോടൊപ്പം മേന്മയും ഗുണവും ഉണ്ടായിരിക്കയില്ലെന്നുള്ളതിനു യാതൊരു സംശയവുമില്ല. തന്നിമിത്തം വിദ്യാൎത്ഥികളുണ്ടാക്കുന്ന സാമാനങ്ങൾ വിററു പണമാക്കി ഉദ്ദിഷ്ടകാൎയ്യം സാധിക്കുന്നത് അത്ര എളുപ്പമല്ല. അഥവാ അതു സാദ്ധ്യമാണെന്നു സമ്മതിച്ചാൽ തന്നെയും ഗൌരവാവഹമായ വേറൊരു ദൂഷ്യമുണ്ടാകാനെളുപ്പമുണ്ട്. തങ്ങളുടെ ഗൌരവമേറിയ കൎത്തവ്യത്തെപ്പററി ബോധമുള്ള അദ്ധ്യാപകന്മാർ വളരെ കുറയും. ഒരു രാജ്യത്തിൻെറ ഭാവിപൌരന്മാരിൽ തിളങ്ങിവിളങ്ങിക്കാണേണ്ട ശോഭനഗുണങ്ങളുടെ ബീജാവാപം ചെയ്യേണ്ടതു തങ്ങളാണെന്നും, പ്രത്യേകിച്ചും രാജ്യത്തിൻെറ അഭിവൃദ്ധിക്കും സുഖജീവിതത്തിനുമുതകുന്ന ഉൽകൃഷ്ടാദർശങ്ങൾ അവരിൽ ദൃഢമൂലങ്ങളായിത്തീരുന്നതു വിദ്യാൎത്ഥികളുടെ മനസ്സിൽ ആദ്യമായി തങ്ങൾ അങ്കുരിപ്പിക്കുന്ന ആശയങ്ങൾ വികസിച്ചു പരിപുഷ്ടിയെ പ്രാപിക്കുമ്പോഴാണെന്നും മനസ്സിലാക്കി സൂക്ഷ്മമായി പ്രവൎത്തിക്കുന്ന അദ്ധ്യാപകന്മാർ എത്രയോ ചുരുക്കം. ആ സ്ഥിതിക്കു കുട്ടികളുടെ വ്യവസായങ്ങളിൽനിന്നും കിട്ടുന്ന പണം മാത്രമേ അവൎക്കു ശമ്പളമായി കിട്ടുകയുള്ളുയെന്നുകൂടി വന്നാൽ അവർ ആ വഴിക്കു മാത്രം പ്രവൎത്തിക്കയും തന്മൂലം വിദ്യാഭ്യാസത്തിൻെറ മറുവശങ്ങൾ നിരാകരിക്കപ്പെടുകയും അപരിഹാൎയ്യമായ ഒരു നഷ്ടം രാജ്യത്തിനു വന്നുകൂടുകയും ചെയ്യും. അതിനാൽ ഓരോ വിഷയങ്ങൾക്കും അതൎഹിക്കുന്ന പ്രാധാന്യം മാത്രം കൊടുത്തു തദനുസരണമായി വിദ്യാഭ്യാസം നടത്തുന്നതിനു ഗവൎമ്മെൻറു തന്നെ പ്രത്യേകം നിഷ്കൎഷിക്കയും വേണ്ട തുകകൾ ചിലവാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം അതാതു സ്ഥലങ്ങളിൽ സൌകൎയ്യവും ആദായവും പ്രാധാന്യവുമുള്ളവയിലാണ് വിദ്യാൎത്ഥികൾക്കു കൂടുതൽ പരിശീലനം നൽകേണ്ടതെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

ഇന്നു ഭാരതീയരിൽ കാണേണ്ട സൎവ്വപ്രധാനമായ ഒരു ഗുണം ആരോഗ്യവും ഓജസ്സും ശക്തിയുമാണു. ജീവിതസമരത്തിൽ ഇവ എത്രമാത്രം അനുപേക്ഷണീയങ്ങളെന്ന് ഏവൎക്കും അറിയാവുന്നതാണ്. എന്നാൽ നിർഭാഗ്യവശാൽ ഈ ഗുണം നമ്മിൽ അധികംപേൎക്കും ഇല്ലാതാണിരിക്കുന്നത്. അതുകൊണ്ട്, ദേഹത്തിനു വളൎച്ച അധികമായിരിക്കുന്ന ബാല്യകാലം മുതൽ തന്നെ, വിദ്യാൎത്ഥികളുടെ ആരോഗ്യത്തെ വർദ്ധിപ്പിക്കത്തക്കവണ്ണം വേണ്ട കായികാഭ്യാസങ്ങളിലും മററും അവരെ പ്രോത്സാഹിപ്പിച്ചു കൊണ്ടുവരേണ്ടതും വിദ്യാഭ്യാസത്തിൻെറ ഒരു പ്രധാന ഘടകമായി വിചാരിക്കണം.

ഇപ്രകാരമുള്ള പ്രധാന സംഗതികളെ മുൻനിറുത്തി ഏഴു വൎഷത്തെ നിർബ്ബന്ധവും സൌജന്യവുമായ വിദ്യാഭ്യാസം നടപ്പിൽ വരുത്തിയാൽ ഏറെത്താമസിയാതെ ഭാരതീയർ മുഴുവൻ സാമാന്യവിദ്യാഭ്യാസമുള്ളവരായിത്തീരുകയും ഓരോ വ്യക്തിക്കും ഏതെങ്കിലും ഒരു വ്യവസായത്തിലോ കൈത്തൊഴിലിലോ ഒരുവിധം പ്രാവീണ്യം സിദ്ധിക്കയും ചെയ്യുമെന്നുള്ളതിനു സംശയമില്ല. ഭാരതത്തിൻെറ ശോഭനമായ ഭാവിക്ക് ഇതിൽ കൂടുതലായി മറെറന്താണ് വേണ്ടത് ?

P. M. Mathai, Mannoor,
*Class IV. Group I. a.*

---

## കാരുണ്യനിർഝരി

(K. M. George, *Class III.*)

ഓമനക്കുട്ടൻ.........രീതി

തപ്തലോക വിഹാരിയായ മേ
സപ്തധാതുവും ക്ലാന്തമായ്
ആത്മദാഹ പരവശനായി,
ട്ടാത്ത മോഹം വലകയാൽ,
കാരുണ്യാത്മകനിരുറവിനെ-
ത്തേടിത്തേടി നടന്നു ഞാൻ.

"ലോകമാകെയാ നീലിമ മുററു-
മേകിടും ദലജാലത്തിൽ
മഞ്ജു മൎമ്മര മന്ത്രണത്തിനു
പാഞ്ഞുപോകും മന്ദാനിലാ!
കണ്ടുവോ ഭവാൻ തപ്തഹൃത്തില-
മൃതം ചേൎക്കുന്ന നിർഝരി ?"
മന്ദമായൊന്നു നിശ്വസിച്ചഹോ
മന്ദവാതം കടന്നുപോയ്.

പാരിടമൊരു പാല്ക്കടലാക്കും
പാൎവ്വണേന്ദുവിനോടു ഞാൻ
തൃഷ്ണയാൽ പ്രേരിതാത്മനായ് കേണു
ചൊന്നുറവിനെക്കാട്ടുവാൻ.
ഹാസഗൎഭമായ പുഞ്ചിരിച്ചിട്ടാ-
സ്സോമനെന്നെ നിഷേധിച്ചു.

വെണ്ണിലാവിൽക്കുളിച്ചു കുന്തലിൽ
സ്വൎണ്ണ ഖദ്യോത വൃന്ദത്താൽ
പൂക്കൾ ചൂടി വിലസിടും നിശാ-
ദേവിയോടും ഞാൻ ചോദിച്ചു.
ചിമ്മി നക്ഷത്രക്കണ്ണുകളവൾ
എന്മനം വെന്തു വെണ്ണീറായ്.

കല്ലോലങ്ങളാൽ വാഹിനികളേ
മെല്ലവേ തഴുകുന്നൊരു

ഗംഭീരാശയനെങ്കിലും ജല-
നംബുധിയോടും ചോദിച്ചു:-
"പ്രാണചൈതന്യപ്പൊന്നുറവിനെ-
ക്കാണുവാനെങ്ങു പോകണം?"
നിർദ്ദയനായത്തീരദേശത്തെ
മർദ്ദനം ചെയ്തു നിഷ്കൃപൻ

പൊൻ കതിരവനോടു, മുന്നത
പർവ്വതത്തോടും, പൂങ്കാവിൽ
തങ്കരാഗങ്ങളുമ് വിശുന്ന
പൂങ്കിളിയോടും ചോദിച്ചു.
ഉത്തരമേതുമേ ലഭിയ്ക്കാതെ
തപ്തലോല ഹൃദയനായ്.

× × ×

"മാമക പ്രേമനിർഝരി! ജീവ-
ധാമമേ!! യെങ്ങുപോയി നീ?
അന്തർദ്ദാഹ വിവശനായി ഞാൻ
ഹന്ത! ഗദ്ഗത കണ്ഠനായ്
എത്ര നിന്നെത്തിരഞ്ഞു പോകിലു-
മത്രയും ദൂരത്താണു നീ.
താവക ഹിമശീതള ജലം,
മാമക നാവിൽ വീഴ്കിമേ
ആമയം തീക്ക, കാരുണ്യാമൃത-
ദായകാ! ലോകനായകാ!!"
തുച്ഛനായ ഞാനിവിധം കേണു
മൂർച്ഛിതനായ് വീണൂഴിയിൽ.

× × ×

അന്ത്യദുർല്ലഭപ്പൊൻ മണികൾ തൻ
മംഗളനാദംപോലവേ,
അല്പനേരത്തിനുള്ളിൽ ഞാനൊരു
സ്വർഗ്ഗശബ്ദം ശ്രവിച്ചിദം :—
പ്രാണചൈതന്യനീരുറവിനേ-
തേടിയാടലാൽ വാടിയ
മന്ദബുദ്ധി! നിൻ കൈവിളക്കിലേ
മങ്ങും ദീപം തെളിക്കുമ്പോൾ,
താവക ഹൃത്തിൽത്തന്നെയാച്ചാരു-
നീരുറവു നീ കണ്ടിടും;
നീ തിരഞ്ഞ സ്ഥലങ്ങളിലെല്ലാം
പൂതനിർഝരി ദൃശ്യമാം
മംഗളം! വത്സാ!! നിൻ വിളക്കിനു
മംഗലേശാതെ കാക്കുക."

കൈവിളക്കു തെളിച്ചു ഞാനെങ്ങും
ദിവ്യനിർഝരി കാണുന്നു.
ലജ്ജിതനായിത്തീർന്ന ഞാനതിൽ
മജ്ജനായ്, ബഹു ധന്യനായ്.

## രണരംഗം

അരാവലി മലയുടെ ഉന്നതശൃംഗങ്ങളെ കനകകാന്തികൊണ്ടു അഭിഷേകം ചെയ്തുകൊണ്ടിരുന്ന കർമ്മസാക്ഷി മറഞ്ഞുകഴിഞ്ഞു. വിശ്രമിക്കാൻ ഗമിക്കുന്ന വിഹംഗങ്ങളുടെ കളകളനിനാദം രാജപുത്ര രണവീരന്മാരുടെ അപദാന ഗാനംപോലെ അന്തരീക്ഷത്തിൽ മുഴങ്ങുന്നു. സമരസംഭവബഹുലങ്ങളായ പല ദിനരാത്രങ്ങൾക്കുശേഷം രാജസ്ഥാനം അനന്തമായ ഒരു ശാന്തതയിൽ ആണ്ടു കഴിഞ്ഞിരിക്കുന്നു. "നടനവിധി കഴിഞ്ഞു രാവിലെല്ലാ—നടനുമുറങ്ങിയ നാട്യശാലപോലെ" മീവാർരാജ്യം അന്നു കാണപ്പെട്ടു.

നിശബ്ദതയുടെ നെടുവീർപ്പുപോലെ അടിച്ചുകൊണ്ടിരിക്കുന്ന ബാലസമീരണൻ വൃക്ഷക്കൊമ്പുകളിൽ യഥേഷ്ടം തൂങ്ങി സസുഖം ക്രീഡിക്കുന്നു. ചിറ്റൂർ കോട്ടയെയും അതിലെ ദിവ്യവിഭവങ്ങളെയും മ്ലേച്ഛദൃഷ്ടിയിൽനിന്നും മറക്കുന്നതിനോ എന്നു തോന്നുമാറു രാത്രി തന്റെ തിമിരതിരസ്കരണിയാൽ അവിടമെല്ലാം മൂടിത്തുടങ്ങി.

ചിറ്റൂർകോട്ട—രാജസ്ഥാനത്തിലെ നിരവധി ജനങ്ങളുടെ അഭയകേന്ദ്രം—രാജപുത്രരമണികളുടെ ചാരിത്രസംരക്ഷണം ചെയ്ത മഹാദുർഗ്ഗം—മീവാറിന്റെ കീർത്തിസൌധത്തിൽ തങ്കത്താഴികക്കുടം—ദുർജ്ജനദുഷ്പ്രാപമായ ആ പ്രാകാരവർയ്യം, അന്ധകാരമയമായ ഈ സന്ധ്യയിൽ പോലും യശോരശ്മി ചൊരിഞ്ഞു പരിസരത്തെ പ്രകാശിപ്പിച്ചുകൊണ്ടു അന്തരീക്ഷത്തിൽ പൊന്തിനില്ക്കുന്നു.

രാത്രിയുടെ ഭയങ്കരയാത്ര പകുതിയായി. ചിറ്റൂരിലെ രമ്യമായ രാജഹർമ്മ്യത്തിൽ മഹാറാണ രാജസിംഹൻ മാത്രം വിചാരപരവശനായി വിഷാദകലുഷനായി അസ്വസ്ഥചിത്തനായി സ്ഥിതിചെയ്യുന്നു. ആസന്നമായ ആപത്തിനെ, അതേ, ആയോധനത്തെക്കുറിച്ചുള്ള ചിന്തയാവാം ആ വീരഹൃദയത്തെ വിരട്ടിക്കൊണ്ടിരിക്കുന്നത്. രാജ്യഭാരം എത്രയോ ദുർഭരം.

"കൊട്ടാരം ചിന്തയാൽ ജാഗരം കൊള്ളു (ന്നു
കൊച്ചുകുടിൽക്കത്രേ: നിദ്രാസുഖം."

വീരരസം പുരുഷവേഷം പൂണ്ടപോലെ ഒരു യുവയോദ്ധാവു് രാജസന്നിധിയിലേക്ക് അതിവേഗത്തിൽ ചെല്ലുന്നു. അനുവാദം കിട്ടുന്നതിനായി കാത്തു നില്ക്കാതെ അയാൾ അകത്തോട്ടു കടന്നു വിനയമസൃണമാം സ്വരത്തിൽ റാണിയോട് ഇപ്രകാരമറിയിച്ചു. "ഔറംഗജിബ് പാദുഷ വിപുലമായ സേനാസമേതനായി മീവാറിനെ അമർത്തുവാൻ വീണ്ടും പുറപ്പെട്ടിരിക്കുന്നു. ഈ പ്രാവശ്യം പാദുഷയെ അനുഗമിച്ചു വിനോദാർത്ഥം പ്രിയ പത്നിയും പുറപ്പെട്ടിട്ടുണ്ടെന്നു ചാരന്മാർ അറിവു തന്നിരിക്കുന്നു." ഇത്രയും അറിയിച്ചു ശേഷം സേനാനായകനായ ദുർഗ്ഗാദാസ് അവിടെനിന്നും മടങ്ങി. ഇതു കേട്ടു് ആ ക്ഷത്രിയ ഹര്യക്ഷവർയ്യൻ സഗർവ്വം തന്നത്താൻ പറഞ്ഞു. "അഭിമാനം തുളുമ്പുന്ന നമ്മുടെ കത്തു പാദുഷയെ ക്ഷുഭിതനാക്കിയിരിക്കാം. അദ്ദേഹത്തിന്റെ ഹൈന്ദവമർദ്ദനനയത്തെ നാം ബലമായി പ്രതിഷേധിക്കുന്നു. സ്വാതന്ത്ര്യത്തെയും ആത്മാഭിമാനത്തെയും ഒരു രാജപുത്രൻ അഖിലോപരി ആരാധിക്കുന്നു. മുഗൾമുകിലാൽ മറയ്ക്കപ്പെട്ട മീവാറിന്റെ പുകൾവിധുവിൻ മ്ലാനതയെ മാറ്റുക തന്നെ. മരണം വരെ രണം. അതു തന്നെ ഒരു ക്ഷത്രിയന്റെ ധർമ്മം.

## II

അരാവലിയുടെ ഇടുങ്ങിയ പാതയായിരുന്നു ഈ അതുല്യശക്തികളുടെ സംഘട്ടനരംഗമായി തീർന്നതു്. വിപുലമായ മുഹമ്മദീയസേനയെ ദുർഗ്ഗാദാസ് അനായാസേന പലായനം ചെയ്യിപ്പിച്ചു ആ പ്രദേശം മീവാറിനു പ്രകൃതി കെട്ടിയ ഒരു കോട്ടയെപ്പോലെ നന്നായുപകരിച്ചു. ഔറംഗജീബും ഏതാനും അനുചരന്മാരും മാത്രം അവിടെ അവശേഷിച്ചു. അവർക്കു പുറത്തു പോകുന്നതിനുള്ള മാർഗ്ഗങ്ങൾ എല്ലാം ശത്രുക്കളാൽ നിരോധിക്കപ്പെട്ടിരുന്നു. ചക്രവർത്തി കുട്ടിലടയ്ക്കപ്പെട്ട ഒരു കാട്ടുമൃഗത്തിന്റെ ദയനീയാവസ്ഥയിലായി. അപ്രതീക്ഷിതമായുണ്ടായ അത്യാഹിതത്തെ ഓർത്തു് അദ്ദേഹം ദുഃഖിച്ചു. തന്നെ അനുഗമിച്ചിരുന്ന ആ ആത്മവല്ലഭയെ അവിടെ എങ്ങും കാണുന്നില്ല. അവർ ശത്രുക്കളുടെ കയ്യിൽപ്പെട്ടിരിക്കുന്നു എന്ന ദുഃഖവർത്തമാനം അദ്ദേഹത്തെ തീവ്രമായി വേദനപ്പെടുത്തി. വ്യസനഭാരത്താൽ ആ സാർവ്വഭൌമൻ നഷ്ടാസ്യനായി കാണപ്പെട്ടു. ഭാരതസാമ്രാജ്യചെങ്കോൽ വഹിച്ചിരുന്ന ധീരബാഹുക്കൾ ശൂന്യങ്ങളായി ബന്ധിച്ചപോലെ നിശ്ചലമായി കിടക്കുന്നു.

അല്പം അകലെയായി ഒരു ജയാരവം കേട്ടു പാദുഷ തലപൊക്കി നോക്കി. കണ്ണിന്നു കാളാഞ്ജനച്ചാർത്തണയ്ക്കുന്ന ഒരു കമനീയ കാഴ്ചയാണ് അദ്ദേഹം കണ്ടത്. രാജോചിതമായ അലങ്കാരത്തോടും അകമ്പടിയോടുംകൂടി വരുന്ന പ്രിയതമയെ സസന്തോഷം സ്വീകരിച്ചിട്ടു അദ്ദേഹം ഇപ്രകാരം പറഞ്ഞു. ഭവതിയെ ശത്രുമദ്ധ്യത്തിൽനിന്നു രക്ഷിച്ചു എന്റെ അഭിമാനത്തെ കാത്ത മർത്ത്യസിംഹം ആരെന്നു പറയുവാൻ കരുണയുണ്ടാകണം. ആ വീരപുരുഷനെ സർവ്വ വരങ്ങളും കൊടുത്തു ഞാൻ സമ്പന്നനാക്കുന്നുണ്ട്. ഇതു കേട്ടു രാജ്ഞി മന്ദാക്ഷമധുരമായി പറഞ്ഞു. "യുദ്ധത്തിന്റെ മൂർദ്ധന്യദശയിൽ രാജപുത്രഭടന്മാർ എന്നെ മഹാറാണ രാജസിംഹന്റെ അരമനയിലേക്കു കൊണ്ടുപോയി. ആ രാജപുത്രരാജാവ്—പരസ്ത്രീകളെ പാവയായി കരുതുന്ന ആ പുണ്യചരിതൻ എന്നെ രാജോചിതമാംവിധത്തിൽ ബഹുമാനിച്ചു സല്ക്കരിച്ചശേഷം ഭവാന്റെ സന്നിധിയിലേക്കു അയയ്ക്കുകയാണുണ്ടായതു്. ഹിന്ദുസ്ഥാനത്തിലെ രാജാക്കന്മാർ ഗേഹശൂരന്മാരല്ല. വധുക്കളേയും ശിശുക്കളേയും ഹിംസിക്കുന്നവരല്ല. ആ വീരകേസരിയോടുള്ള ദ്വന്ദ്വമത്സരം അവസാനിപ്പിച്ചു അദ്ദേഹത്തിന്റെ മൈത്രിയെ സമ്പാദിക്കുകയാണു അങ്ങു ആദ്യമായി ചെയ്യേണ്ടതു്."

മദാന്ധനായ ചക്രവർത്തി, റാണയുടെ ഔദാര്യം ഭീരുത്വം കൊണ്ടുണ്ടായതാണെന്നു ശങ്കിച്ചു, അവിശ്വാസികളോടുള്ള സഖ്യം അപകടപ്രദമെന്നു നിശ്ചയിച്ചു, സാമ്രാജ്യദാഹത്താൽ എരിപൊരികൊള്ളുന്ന ആ രാജഹൃദയം രാജ്ഞിയുടെ ആത്മാർത്ഥമായ പ്രാർത്ഥനയെ നിരസിച്ചു.

രാജസ്ഥാനം വീണ്ടും ഒരു ഭയങ്കര സംഗരരംഗമായി രൂപാന്തരപ്പെട്ടു. സ്വാതന്ത്ര്യസമ്പാദനത്തിനുള്ള അവസാന യജ്ഞത്തിൽ അനർഘങ്ങളായ അനവധി ആത്മാക്കളെ ആഹുതി ചെയ്തു മിവാറിന്റെ രക്തവർണ്ണാങ്കിതമായ വിജയപതാക വീണ്ടും ഉയരത്തിൽ പരിലസിച്ചു. മുഗൾസാമ്രാജ്യസൌധത്തിന്റെ മൂലശില അതോടുകൂടി ശിഥിലമായി.

[കഥാംശം ടോഡ്സിന്റെ ചരിത്രഗ്രന്ഥത്തിൽ നിന്നും] .

K. Bhaskaran Pillai
*Class III.*

---

## ഒരു വിഭാതം

1

ശോണാധിക പ്രോജ്ജ്വലമീവയത്തിൽ
കാണുന്നതെന്താണൊരു കോണിലേവം ?
മാണിക്യരത്നപ്രഭകൊണ്ടു തീർത്ത
കതിർക്കുലക്കെട്ടു വിതാനമല്ലീ?

2

സ്നേഹം നശിച്ചിട്ടണയാൻ തുടങ്ങു-
മാത്മീയ സംസ്കാരമണിപ്രദീപം
ശ്രീ "ഗാന്ധി" ദേവൻ നവഭാരതത്തിൽ
വീണ്ടും ജ്വലിപ്പിച്ചതു തന്നെയാകാം

3

പാശ്ചാത്യ വെള്ളക്കിളി ജാലമെത്തി
ധാന്യം മുടിക്കേദ്ധനിദ്ര ചെയ്യും
തൻവത്സരേ നോക്കി ദിഗംബികാന്തർ-
ജനാമുഖം മന്ദമുയർത്തതല്ലീ?

4

ഉഷാംഗനത്തയ്യൽ സുരാങ്കണത്തിൽ
പൂത്തോരശോകത്തരുവിന്റെ താഴെ
കളിക്കുവാൻ നല്ലൊരു കമ്പിളിപ്പ-
ണച്ചെന്തളിർ കയ്യിലെടുത്തതാണോ?



5

ഹിന്ദുക്കളിൽ സോദരമൈത്രി വീക്ഷി-
ച്ചിന്ദുപ്രഭൻ ചിത്തിര ഭൂപനേന്തും
ആനന്ദപീയൂഷ സരിത്തിലൈക്യ-
ച്ചെന്താരതന്ദ്രം വിലസുന്നതാകാം

6

തുഷാരബിന്ദുക്കൾ തളിച്ചുഷസ്സാം
നതാംഗി ചാർത്തുന്നതിനായരയ്ക്കും
ആ രക്തപാടീരമഹാർഘപങ്കം
കലർന്നതങ്കപ്പുതു ചാണയല്ലീ!

7

പാശ്ചാത്യ ദേശാംഗനമാരെയിപ്പോ-
ളാദർശമാക്കി പ്രിയദിഗ്വധൂടി
ചെഞ്ചായമിട്ടാനനമാകമാനം
മാനം കലർന്നാശു മിനുക്കിടുന്നോ ?

8

ഈ വാസരാധീശ്വരി തന്നെഴുന്നെ-
ള്ളത്തിൽ പ്രഭാതപ്പുതു തോഴി മുന്നിൽ
ഹാ! പൊന്നലുക്കിട്ടൊരു ഹേമവർണ്ണ-
ച്ഛത്രം പിടിച്ചീടുകയായിരിക്കാം

9

പാശ്ചാത്യദേശത്തൊരു ജൈത്രയാത്ര-
ക്കുദ്യുക്തയാം ഭാരതദേവിയിപ്പോൾ
വൃത്തത്തിൽ മദ്ധ്യേ കസവിട്ടു നെയ്ത
പതാകവാനത്തിലുയർത്തതാകാം

10

ദിനേശ്വരിക്കാസ്സുഖിയാം വിഭാതം
ഗളത്തിലർപ്പിപ്പതിനായ് സമോദം
ചമച്ചിതാ ചെന്തളിർ തന്നിൽ വച്ചു
സദ്രാജമല്ലീ മലർമാല്യമല്ലീ!

11

ആ രാത്രിയാം വാരണമസ്തകത്തെ-
ത്തട്ടിത്തകർത്തിട്ടുഡുജാലമെങ്ങും
ചിന്നിച്ചു രത്നങ്ങളെടുത്തുഷസ്സാം
കന്യക്കു തീർത്തൊരു പതക്കമല്ല്യ!

12

വിമൂർച്ഛിതം ലോകമുണർന്നിടുന്നു
വല്ലീകലം പുഞ്ചിരി തൂകിടുന്നു
വിശാലപാലാഴിയിൽ നിന്നുദിച്ച
പീയൂഷ പൊൻ കുംഭ വിശേഷമല്ലീ!

13

അതല്ലിതാ ബാലകരാത്ത മോദം
പഠിച്ചിടുന്നു "ധൃതി" പൂണ്ടിദാനീം
മായാമറക്കുള്ളിൽ മറഞ്ഞുവാണൊ
രജ്ഞാന തേജോമയഗോളമാകാം

14

നഭസ്സിലോളം വിഹരിച്ചുയർന്ന
തമസ്സഹോ! വൻഗുഹ പുക്കൊളിച്ചു
മഹസ്സെഴുന്നോരുടെ മുന്നിൽ നില്പാൻ
മനസ്സുറക്കില്ല ഖലക്കു നൂനം

15

തായേപ്പിരിഞ്ഞോരിരുളിൻ കിടാങ്ങൾ
മുരണ്ടു പത്മങ്ങളെയാശ്രയിച്ചു.
ഖലാത്മജന്മാക്കതി കൗശലങ്ങൾ
തോന്നിടുമല്ലോ പരശിക്ഷയെന്ന്യേ

16

മാനത്തു മിന്നിത്തെളിവാർന്ന താരാ-
ഗണങ്ങളും നിഷ്പ്രഭമായ് ചമഞ്ഞു
വിദ്വാൻ സഭാഭ്യന്തരഭൂവിലേതു-
മല്പജ്ഞർ ശോഭിക്കുകയില്ല നൂനം

17

തരുക്കൾ നന്നായ് പനിനീർ തളിച്ചു
പുഷ്പങ്ങളർച്ചിച്ചു ലതാപ്രരോഹം
ഹാ! പൂജ്യരെങ്ങെത്തുകിലും ജനങ്ങ-
ളത്യാദരിക്കും പ്രതിപത്തി പൂർവ്വം

18

സൂര്യാതപത്രത്തിനുകീഴിൽ വാണ
തൃണങ്ങളും മുന്നണി ശോഭ നേടി
മഹാജനത്തിൻ തണൽ പററി നിന്നാൽ
നിസ്സാരനും മേന്മ ഭവിക്കുമല്ലോ ?

19

അത്യുല്പതിഷ്ണുക്കളിതന്റെ കൂടെ-
ത്തുടർന്നിതാ ജീവിതയാത്ര വേഗം
ഉച്ചസ്ഥരെപ്പിൻതുടരുന്നതാകാ-
മുയർന്നിടാനശ്രമ ലബ്ധമാർഗ്ഗം.

ശുഭം.

(കെ. ജി. രാമൻനായർ)

ചെറുകഥ.

## സങ്കല്പപ്രണയം

(എസ്സ്. കെ. നായർ, ആലുവാ)

സരസ്സിൻെറ മാത്തട്ടിൽ ക്ലുപ്തകൈയ്യോടെ നിന്നിരുന്ന ആ 'സരോജ'മുകുളം. അസ്തമനേന്ദുവിൻെറ വിളച്ച് മാറിയിട്ടില്ല. പൂർവ്വാശയുടെ വദനം രാഗാർദ്രമായുമില്ല. വനകുസുമങ്ങളിൽ മാദകലഹരിയേററു നടന്നിരുന്ന വണ്ടത്താൻ മന്ദം ആ മുകുളത്തെ സമീപിച്ച് ഏതോ ഗാനമൊന്നാലപിച്ചു. ഇളങ്കാററിൻെറ മന്ത്രണം കേട്ട ആ കോരകം തലതിരിച്ചു. ഭൃംഗം നിരാശ പൂണ്ടില്ല. വീണ്ടും ചില പാട്ടു പാടി. വലം വച്ചു ഫലം നാസ്തി. പുലരിയുടെ മുഖം തുടുത്തു. സരോജത്തിൻെറ മുഖത്തും ചില വർണ്ണഭേദമുണ്ടായി. ആ കാമുകൻ അടുത്തു. ഇതളുകൾ സ്വയം വിടന്നു......

ഇന്ദിര പ്രാതഃസ്നാനത്തിനു വരുന്ന സമയമായിരുന്നു അതു. കേവലം ഒരു ബാലിക. താരുണ്യം മൊട്ടിട്ടു വരുന്നതേയുള്ളു. എങ്കിലും സൗന്ദർയ്യദേവതയുടെ കലാപാടവം തികച്ചും ആ കൊച്ചുമുഖം വെളിപ്പെട്ടുത്തി. പച്ചപ്പാവാടയുടുക്കും. അതേ നിറത്തിലുള്ള കൊച്ചു ബ്ലൗസും! കനകവർണ്ണം ആ കോമളാംഗിയിൽ ചില കൈവേലകൾ നടത്തിയിരുന്നു.

ഇന്ദിരയെ ഞാൻ പല ദിവസവും ഇതേസമയത്തു കണ്ടിരുന്നു. എന്നെ അവളും പക്ഷെ കണ്ടിരിക്കാം. ചില സന്ദർഭങ്ങളിൽ നിഷ്കളങ്കമായ ആ മുഖത്തു ഞാൻ ഒന്നു രണ്ടു തവണ സൂക്ഷിച്ചു നോക്കിയിരിക്കണം. എങ്കിലും അവളിൽ പ്രത്യേകിച്ചൊരു ഭാവഭേദവും ഞാൻ കണ്ടിരുന്നില്ല. ലീലാലോലുപകളായ മററു ബാലികമാരൊന്നിച്ചു കളിച്ചു ചിരിച്ചു ഇന്ദിര പോകുന്നതു കണ്ടു പക്ഷെ പാതയിലുള്ള മൺതരികളും സ്വപ്നങ്ങളായി തീർന്നിരിക്കാം.

"സ്നേഹിത!" ഗോപൻ പറഞ്ഞു "ആ ഇന്ദിരയുടെ—അങ്കുരിത യൗവ്വനയായ ആ ബാലികയുടെ—നയനങ്ങളിൽ 'മയിൽ മുട്ടയിലെന്നപോലെ' താരുണ്യത്തിൻെറ സകല സൗഭാഗ്യങ്ങളും തെളിഞ്ഞു കാണാം." നർമ്മസംഭാഷണം ചെയ്തുകൊണ്ടിരുന്ന ആ സ്നേഹിതൻെറ കവിഹൃദയം എന്നിൽ പരമാനന്ദമുളവാക്കി. ഇന്ദിരയുടെ നയനങ്ങൾ വർണ്ണിച്ചതുകൊണ്ടല്ല, വർണ്ണനയുടെ ഔചിത്യം കൊണ്ടാണ്. മയിൽ മുട്ട കണ്ടിട്ടുള്ളവർക്കറിയാം. അതിൽ മായൂരപിഞ്ഛികയുടെ സകല വർണ്ണങ്ങളും ഭംഗിയായി നിഴലിച്ചിരിക്കും! അതുപോലെയാണു പോലും ആ കൊച്ചുബാലികയുടെ നയനങ്ങളിൽ താരുണ്യസൗഭാഗ്യം തെളിഞ്ഞു പ്രകാശിക്കുന്നത്. ഹാ! എത്ര ആസ്വാദ്യകരം!

അനർഘമായ ആ ആശയത്തിൻെറ ആസ്വാദ്യത എന്നെ ആനന്ദനൃത്തം ചെയ്യിച്ചു. പലവുരു ഞാൻ അതിനെക്കുറിച്ചു ചിന്തിച്ചു. അതോടൊപ്പം ഇന്ദിരയുടെ രൂപം പലതവണ എൻെറ ഹൃദയത്തിൽ നിഴലിച്ചു.

പിറെറന്നാൾ മുതൽ ഞങ്ങൾ പ്രഭാതസവാരി പതിവാക്കി. വഴിക്കു ഇന്ദിരയേയും കൂട്ടുകാരികളേയും ഞങ്ങൾ കണ്ടു. ഗോപൻെറ സരസസല്ലാപത്തിനൊത്തു മൂളിക്കൊണ്ടുപോയ ഞാൻ ആ സുകുമാരിയെ ഒന്നു നോക്കിയതു പക്ഷെ ഗോപൻ കണ്ടുകാണില്ല. ഞങ്ങളെ കണ്ട മാത്രയിൽ ആ ബാലികമാർ വളരെയൊഴിഞ്ഞു മാറിപ്പോവുകയും ചെയ്തു. നിത്യവും ഇന്ദിരയെ ഞാൻ കാണുന്നുണ്ടെങ്കിലും വിശേഷിച്ചൊരു വികാരവും എന്നിൽ അങ്കുരിച്ചിരുന്നില്ല. എങ്കിലും ഇന്ദിരയെ കാണുന്നതു എനിക്കു കൌതുകകരമായി തോന്നി. ഇതൊന്നും ഗോപൻ അറിഞ്ഞു കാണുകയില്ല. അഥവാ, അറിഞ്ഞെങ്കിൽ അങ്ങനെയൊരു ഭാവം ഞാൻ അദ്ദേഹത്തിൽ കണ്ടിരുന്നില്ല.

"എന്തിനാണു നീ നിത്യവും ഇന്ദിരയെ കാണുന്നതു?" എൻെറ ഹൃദയം എന്നോടു മന്ത്രിച്ചു. ക്ഷണനേരത്തേക്കു ഞാൻ നിശ്ചലനായി നിന്നുപോയി. "അതെ, എന്തിനാണു ഞാൻ ഇന്ദിരയെ കാണുന്നതു?" ഞാൻ ആ ചോദ്യം ആവർത്തിച്ചു. നാമെന്തിനു ഉദയഭംഗി നോക്കി നില്ക്കുന്നു. വികസിതപ്രായമായ ചെന്താമരയുടെ ചന്തം നോക്കി നില്ക്കുന്നു? പാലൊളിക്കതിർ വിതറുന്ന പാർവ്വണശശിബിംബത്തിൻെറ അഴകിൽ ലയിച്ചുപോകുന്നു? അതെ! അതിനെല്ലാമാണു ഞാൻ ഇന്ദിരയെ കാണുന്നതു. അല്ലാതെന്തു പറയട്ടെ!

"അവനോ, അവൻ വെറുമൊരു ഭ്രാന്തൻ! ലോകമെന്തെന്നറിയാൻ വയ്യാത്ത ഒരു കൊച്ചു പെൺകുട്ടിയുടെ പുറകെ നടക്കുന്നു. കഷ്ടം!" ചില മൂങ്ങാകളുടെ മോങ്ങലുകൾ എൻെറ ആനന്ദചന്ദ്രിക നിറഞ്ഞ ജീവിതസരണിയുടെ ശാന്തതയെ ഇടയ്ക്കിടയ്ക്കു ഭഞ്ജിച്ചിരുന്നു. അതു ഞാനെന്തിനു വകവയ്ക്കണം? എല്ലാവർക്കുമറിയാം, ഞാൻ നിത്യവും ഇന്ദിരയെ കാണുന്നുവെന്നു. ആരു ചോദിച്ചാലും ആ വാസ്തവം മാത്രം മറയ്ക്കാൻ ഞാൻ അശക്തനാണ്. ഗോപൻ മാത്രം എന്നോടു നേരിട്ടു ചോദിച്ചിട്ടില്ല. അറിഞ്ഞു കാണുമോ എന്തോ?

## II

അന്നു അനദ്ധ്യായമായിരുന്നു. നാലു മണിക്കു അഞ്ചൽശിപായി എന്നെ ഒരു കത്തേല്പിച്ചു. ഗോപനും എൻെറ അടുത്തുണ്ടായിരുന്നു. കത്തു പൊട്ടിച്ചു വായിച്ചു. ഹാ! എന്തൊരത്ഭുതം! ഇന്ദിരയുടെ കത്തു! അതെ അവളുടെ പ്രഥമപ്രേമലേഖനം. മുഴുവൻ വായിക്കാൻ ഞാൻ ശക്തനായില്ല. കത്തു ഗോപൻെറ കൈയ്യിലേക്കു കൊടുത്തു. വെമ്പലും വിറയലും കൂടാതെ ഗോപനേ അതു വായിക്കാൻ കഴിഞ്ഞുള്ളു. ഒരു നിമിഷത്തെ കരിവാളിപ്പു ഗോപൻെറ മുഖത്തു വീശിയെങ്കിലും പെട്ടെന്നു ആനന്ദസാന്ദ്രമാകുന്നതു ഞാൻ സൂക്ഷിച്ചു.

"ഭാഗ്യവാൻ! പ്രേമവല്ലി പുഷ്പിച്ചു. ആദ്യഫലത്തിൻെറ മൊട്ടിട്ടു!........"

"പ്രേമം!" ആ മാന്ത്രികപദം എന്നെ ഇളക്കി. എൻെറ ചിന്താശക്തിയെ തട്ടിയുണർത്തി. കൌമാരകാലം കഴിയാത്ത ഒരു സുകുമാരിക്കോ പ്രേമം! 'മാനോടൊത്തു വളന്ന മന്മഥ കഥാഗന്ധം ഗ്രഹിക്കാത്ത' എൻെറ കൊച്ചു ഇന്ദിരയ്ക്കു ഇതുപോലെ ഒരു കത്തെഴുതാൻ കെല്പുണ്ടോ? മേലാകെ വിയർത്തു. ഹൃദയസ്പന്ദനം ദ്രുതഗതിയിലായി. ഞാൻ കുഴങ്ങി. എൻെറ ഭാവവ്യതിയാനങ്ങൾ സൂക്ഷ്മനിരീക്ഷണം ചെയ്തു ഗോപൻ തുടന്നു പറഞ്ഞു: "മി:—എനിക്കറിയാം ഈ കൊച്ചു പെൺകിടാങ്ങളുടെ ഹൃദയമെല്ലാം. തീർച്ചയായും ഈ കത്തു അവൾ എഴുതിയതുതന്നെ. സംശയങ്ങൾ വെടിയണം. കർത്തവ്യം തുടരണം. അതിൽ പറഞ്ഞിരിക്കുന്നതുപോലെ നിങ്ങൾ ഒരു മറുകത്ത്........"

"ഛേ! എന്തസംബന്ധമാണു നിങ്ങൾ പറയുന്നതു? ഞാൻ ഒരു ബാലികയ്ക്കു കത്തെഴുതുകയോ? ഇന്ദിര തന്നെയാണു ഈ കത്തെഴുതിയെന്നിരിക്കട്ടെ. ഞാൻ ആ പെൺകുട്ടിയുടെ അവിവേകം മറന്നു അധികം കുഴപ്പമില്ലാത്ത മാർഗ്ഗത്തിൽ കാര്യങ്ങൾ കൊണ്ടുപോകേണ്ടതല്ലേ? ഏതായാലും നല്ലതുപോലെ ചിന്തിച്ചു എനിക്കിതിനൊരു പോംവഴി പറഞ്ഞുതരണം. ഗാഢമായി ചിന്തിക്കൂ!"

"ശരി, ഇന്നത്തെ ക്ഷമിക്കണം. ഞാൻ ഇതിനെപ്പററി ഗാഢമായും ശ്രദ്ധമായും ആരായാം."

ഗോപൻ എൻെറ ആത്മസുഹൃത്തായിരുന്നു. ഒരു രഹസ്യമെങ്കിലും ഞാൻ അദ്ദേഹത്തിൽനിന്നു മറച്ചിരുന്നില്ല. അദ്ദേഹവും അങ്ങനെതന്നെ.

ഞാൻ സർവ്വവും അദ്ദേഹത്തെ ഭരമേല്പിച്ചു. കത്തും, കത്തുന്ന എൻെറ ഹൃത്തും!

പതിവിൽ കവിഞ്ഞ സന്തോഷം ചൊരിയുന്ന മുഖഭാവത്തോടുകൂടിയാണു പിറെറന്നാൾ ഗോപൻ എന്നെ സ്വാഗതം ചെയ്തതു. "മി:—ഇന്നലെ രാത്രി മുഴുവൻ ഞാൻ ഈ എഴുത്തു സൂക്ഷ്മമായി പരിശോധിക്കയായിരുന്നു. വിശ്വാസ്യതയുടെ വിളയാട്ടമാണു ഞാനതിൽ കാണുന്നത്. ഇതാ അക്ഷരങ്ങളുടെ വടിവു നോക്കണം! ആശയങ്ങളുടെ അപൂർണ്ണത സൂക്ഷിക്കൂ. അതെ, നിശ്ചയമായും ഇതവളുടേതു തന്നെ."

"ഗോപാ, എൻെറ ആത്മസുഹൃത്തേ, ഞാനിതു വിശ്വസിക്കുന്നില്ല. നമുക്കു പല പരീക്ഷകളും നടത്തേണ്ടിയിരിക്കുന്നു. അല്ലെങ്കിലെന്തിനു പരീക്ഷിക്കണം? എനി

ക്കിങ്ങനെയൊരു കത്തു കിട്ടിയിട്ടില്ല എന്നു ഞാൻ കരുതും. ഉത്തമം അതു തന്നെ."

"ഛേ! നിങ്ങൾ ഒരു ഹൃദയമില്ലാത്തവനാണ്." ഗോപൻ എന്റെ ആശയത്തെ ചെറുത്തു. "നിശ്ചയമായും ഇതിൽ പറഞ്ഞിരിക്കുന്നതുപോലെ ഒരു മറുകത്തു നിങ്ങൾ നിർദ്ദിഷ്ടസ്ഥാനത്തിൽ നിക്ഷേപിക്കണം. അതുകൊണ്ടു ഒരു കുഴപ്പവും വരാനില്ല. സകലതും ഞാനേററു. പോരെ?"

ഗോപൻ എന്നെ ധൈര്യപ്പെടുത്തി. ഞാനൊരു മറുകത്തു തീർത്തു നിർദ്ദിഷ്ടസ്ഥാനത്തു നിക്ഷേപിച്ചു.

ഇന്ദിരയുടെ കത്തുകൾ ധാരാളമായി ലഭിച്ചുകൊണ്ടിരുന്നു. തക്കതായ മറുപടി ഞാനും കൊടുത്തു. അവളുടെ കത്തിലെല്ലാം ഒരു കാര്യം എപ്പോഴും പറഞ്ഞിരിക്കും. ഗോപനെ, എന്റെ ആത്മസുഹൃത്തിനെ ഒരിക്കലും വിശ്വസിക്കരുതു എന്ന്. ഈ രഹസ്യം അയാളെ ഒരിക്കലും അറിയിക്കരുതു എന്ന്. ഞാനെന്തു ചെയ്യട്ടെ! കത്തുകൾ കാണിക്കാതിരിക്കുന്നതെങ്ങനെ? ഇന്ദിര പറഞ്ഞ സ്ഥിതിക്കു കാണിക്കുന്നതെങ്ങനെ? ഞാൻ കുഴങ്ങി. ചിലതു ചില ഭേദഗതികൾ വരുത്തി ഗോപനെ വായിച്ചുകേൾപ്പിക്കയാണു ചെയ്തതു. അതെ, ഇക്കാര്യത്തിൽ മാത്രം എന്റെ മനസ്സാക്ഷിയെ ഞാൻ വഞ്ചിച്ചു. അല്ലാതെന്തു ചെയ്യട്ടെ!

നിത്യവും ഞാൻ ഇന്ദിരയെ കണ്ടിരുന്നു. കത്തുകൾ കിട്ടിയതിൽ പിന്നെ ഞാൻ അവളെ പൂർവ്വാധികം ആശയോടെ വീക്ഷിക്കപതിവായിരുന്നു. പക്ഷെ ആ മുഖ'സരോജ'ത്തിനു എന്നെ കാണുമ്പോൾ ഒരു കൂമ്പലുമില്ല വിരിയലുമില്ല. ഹൃദയപൂർവ്വമായ ഞങ്ങളുടെ ഈ ലേഖനബന്ധം ബാഹ്യലോകത്തെ യാതൊരു വിധത്തിലുമുള്ള ചാപല്യങ്ങൾകൊണ്ടു മനസ്സിലാക്കരുതെന്നുള്ള അവളുടെ ദൃഢനിശ്ചയമായിരിക്കാം ഇതിനുള്ള കാരണം. ഇങ്ങനെയുള്ള സമാധാനത്തിന്റെ കുളിർനിലാവിൽ ഞാൻ തലചായ്ച്ചു സകലതും വിസ്മരിക്കുമ്പോൾ ഞാനെന്തെല്ലാം മധുരസ്വപ്നങ്ങൾ കണ്ടിരുന്നില്ല! ഇന്ദിരയുടെ സ്വഭാവനൈർമ്മല്യത്തിന്റെ കന്ദളങ്ങൾ വികസിതപ്രായമായി വിലസുന്നതു ഞാൻ കാണും.

മനോഹരമായ ഒരു സായന്തനവേളയിൽ ഞാൻ മണൽപ്പുറത്തിരുന്നു കാററുകൊള്ളുകയായിരുന്നു. സമീപത്തു കൂടി കളകളം പെയ്തു ഒഴുകിയിരുന്ന നദിയുടെ ഹൃദയാന്തരാളത്തിൽ തങ്കക്കതിരുകൾ ആഴ്ത്തി രഹസ്യരത്നങ്ങൾ വാരിയിരുന്ന അസ്തമനാർക്കൻ വാരുണിയുടെ മടിത്തട്ടിൽ പതുക്കെ തല ചായ്ക്കുന്നു. അന്നെന്തോ അസാധാരണമായി ഇന്ദിര ഒററയ്ക്കു അതിലേ വന്നു. പതിവുപോലെ പരിഭവമുഖഭാവം പൂണ്ടു അവൾ എന്റെ അടുത്തു കൂടി കടന്നുപോയി. ചില നിമിഷങ്ങൾകൊണ്ടു ഞാൻ പലതും ആലോചിച്ചുറച്ചിരുന്നു. അതെ, ഞാൻ ഇന്ദിരയോടു ആദ്യമായി സംസാരിക്കാൻ നിശ്ചയിച്ചു. എന്റെ കയ്യിലുണ്ടായിരുന്ന അവളുടെ ഒരു കത്തെടുത്തു കാണിച്ചുകൊണ്ടു ഞാൻ ചോദിച്ചു. "ഇന്ദിരേ, ഇതെങ്ങനെ സാധിച്ചു? ഈ കത്തെല്ലാം എഴുതി ആ നിർദ്ദിഷ്ടസ്ഥലത്തെത്തിക്കാൻ സാധിച്ചതെങ്ങനെ?"

ഇന്ദിരയൊന്നു ഞെട്ടി. അല്പനേരം എന്റെ മുഖത്തേക്കു മിഴിച്ചു നോക്കി. അവളെന്തോ ദേഷ്യപ്പെട്ടു പറവാൻ ഭാവിച്ചു. അവളുടെ മുഖഭാവം ഞാൻ നല്ലവണ്ണം ഗ്രഹിച്ചു. അവൾ പെട്ടെന്നു മുഖം തിരിച്ചു നടന്നുകളഞ്ഞു.

ചിന്താശതങ്ങൾ എന്റെ മനസ്സാഗരത്തിൽ അലയിളക്കിത്തുടങ്ങി. പരപരിഹാസത്തിന്റെ പാഴ്ച്ചിരിയായി നുരയും പതയും പൊങ്ങി. ഈ കോളിളക്കത്തിന്റെ കാളിമ ചക്രവാളാന്തരത്തിലും പതിഞ്ഞതായി തോന്നി.

× × ×

ഒരു ശീതളകരസ്പർശമേററു ഞാൻ ഉണർന്നു. അല്പനേരത്തേക്കു് എനിക്കു പരിസരബോധമൊന്നുമുണ്ടായില്ല.

സ്നേഹം നിറഞ്ഞ ഒരു സ്വരം എന്നെ പേരു ചൊല്ലി വിളിച്ചു. ഒരു പഴയ സുഹൃത്തു്—എന്റെ 'ആഭാസ'പൂർണ്ണമായ ജീവിതരീതിയോടു് അശേഷം യോജിക്കാത്ത ഒരു സുഹൃത്തു്—സാധാരണ ഞങ്ങൾ തമ്മിൽ സംഭാഷണം തന്നെ പതിവില്ലായിരുന്നു. എങ്കിലും എന്റെ രഹസ്യജീവിതത്തിൽ അദ്ദേഹം സദാപി തല്പരനായിരുന്നുവെന്നു് എനിക്കു കുറേ കഴിഞ്ഞാണ് മനസ്സിലായതു്.

"നീ ഇതെല്ലാം വിശ്വസിക്കുന്നോ? മധുരസ്വപ്നങ്ങളിൽനിന്നു് ഇനിയും നിനക്കു വിരമിക്കാറായില്ലേ?" ആ അല്പഭാഷി അന്നധികം സംസാരിച്ചു.

"ഏതു വിശ്വസിക്കുന്നുവെന്നാണ് നിങ്ങൾ ചോദിക്കുന്നതു്?" എന്റെ ഹൃദയരഹസ്യത്തെ സ്പർശിക്കുന്ന യാതൊന്നും അദ്ദേഹത്തിനു പറയാനുള്ള അധികാരമില്ലെന്ന നാട്യത്തോടുകൂടിയാണ് ഞാൻ ചോദിച്ചതു്.

"അതേ, അതേ, നിന്റെ കാര്യമൊന്നും ആരും അറിയില്ലെന്നാണ് വിചാരം. ഇതുപോലുള്ള അബദ്ധം ഇനിയും പററല്ലേ!"

"എന്തബദ്ധം? തെളിച്ചു പറയൂ."

"നിനക്കു ലഭിച്ചിരിക്കുന്ന ലേഖനങ്ങൾ യഥാർത്ഥത്തിൽ ആരെഴുതിയതാണെന്നു നിനക്കറിയാമോ?"

ഞാനൊന്നു ഞെട്ടി. അതെ, അതറിയാനാണല്ലോ എന്റെ മനസ്സ് ഇതുവരെ വെമ്പിയതു്.

"———, ഞാൻ സകലതും പറയാം. നിന്റെ നന്മയ്ക്കു വേണ്ടിയാണെന്നു നീ ധരിക്കണം. പുതുമോടിയിൽ മയങ്ങുന്ന പതിവു് ഇനിയെങ്കിലും നീ വെടിയണം. ഞങ്ങളാരും നിനക്കു സാരമില്ല."

"അതെല്ലാം പോട്ടെ." കേൾക്കാനുള്ള തിടുക്കംകൊണ്ടു ഞാൻ ഇടയ്ക്കു കയറിപ്പറഞ്ഞു. "എന്റെ പൊന്നു സ്നേഹിതാ ഒന്നും മറയ്ക്കാതെ സകലതും പറയണേ."

"ഛേ! ഞാനെന്തിനു നിന്നെ ഇക്കാര്യത്തിൽ മറയ്ക്കുന്നു? കാപട്യവും യാഥാർത്ഥ്യവും തിരിച്ചറിയാൻ നിങ്ങൾക്കു കഴിയുന്നില്ലല്ലോ. ആദർശലോകത്തിൽ ജീവിക്കുന്ന മണ്ടന്മാർക്കേ ഇതെല്ലാം പററൂ. നിന്റെ പ്രിയ സുഹൃത്തു്, ഗോപൻ, അവനെ നീ ശരിക്കറിയുന്നില്ല. ശുദ്ധത്വംകൊണ്ടു നീ അവനെ ആത്മാർത്ഥമായി വിശ്വസിച്ചു, സ്നേഹിച്ചു. സൌഹൃദം പകരാനുള്ള പാത്രമല്ല അവൻ എന്നു ഇനിയെങ്കിലും നീ മനസ്സിലാക്കിയാൽ കൊള്ളാം."

"നിങ്ങളെന്തിനു ഗോപനെ വൃഥാ പഴിക്കുന്നു. അദ്ദേഹം എന്തു കുററം ചെയ്തു?"

"അദ്ദേഹമോ? ഇല്ല, കുററമൊന്നും ചെയ്തില്ല. നീ ചെയ്ത കുററം തന്നെ അദ്ദേഹവും ചെയ്തു. അത്രേയുള്ളു. ഇന്ദിരയുടെ കാമുകസംഘത്തിൽ പ്രഥമഗണനീയനാണ് ഗോപൻ! ഇപ്പോൾ മനസ്സിലായോ എന്തു കുററമാണ് ചെയ്തിട്ടുള്ളതെന്നു്? ആ വാസ്തവം അറിയാതെ നീ അവനോടു സകലതും, തുറന്നു പറഞ്ഞു. ആദ്യമാദ്യം രഹസ്യമായി നിന്റെ ഇംഗിതങ്ങൾ മനസ്സിലാക്കിയ അവൻ നിന്നെ ഒന്നു കബളിപ്പിക്കുവാൻ നോക്കി. അത്രേയുള്ളു. ഇന്ദിരയുടെ പേരുവെച്ചു് എഴുതയച്ചു. ആ കത്തിലെല്ലാം ആളറിയാതിരിക്കാൻ ആത്മനിന്ദ ചെയ്തു!"

"സ്നേഹിതാ! ഗോപനു് അങ്ങനെ ഒരാശയുണ്ടായിരുന്നെങ്കിൽ പിന്നെ എന്തുകൊണ്ടാണ് എന്നോടു നേരിട്ടു പറയാതിരിക്കുന്നതു്? ഇന്ദിരയിൽ എനിക്കു ആദ്യമായി ഒരു കൌതുകം മാത്രമാണ് തോന്നിയതു്. ആ ലേഖനങ്ങളല്ലേ എന്റെ കൌതുകത്തെ പ്രേമമാക്കിയതു്? ആരാണ് കുററക്കാരൻ?"

"പ്രേമമോ? എന്തു പ്രേമം ഹേ! അങ്ങനെയൊന്നില്ല ലോകത്തിൽ. പ്രേമമല്ല; ഭ്രമമാണ്. ആദർശസുന്ദരമായ കവിതാലോകത്തിലല്ലാതെ പിന്നെ എവിടെയാണ് യഥാർത്ഥ പ്രേമം നിങ്ങൾ കണ്ടിട്ടുള്ളതു്? അതുപോലെ തന്നെ സൌഹാർദ്ദബന്ധവും. നിങ്ങളും ഗോപനും എത്ര സ്നേഹത്തിലിരുന്നവരാണ്? ഗോപനുണ്ടായ ഭ്രമവും നിങ്ങൾക്കുണ്ടായ 'പ്രേമ'വും (?) ആ ബന്ധത്തെ തകിടം മറിച്ചില്ലേ? നിങ്ങളുടെ ആത്മാർത്ഥത ആയിരിക്കാം നിങ്ങളെ അബദ്ധത്തിൽ ചാടിച്ചതു്. ആത്മാർത്ഥതയ്ക്കു ലോകത്തിൽ സ്ഥാനമില്ല. കാപട്യത്തിന്റെയും കൌടില്യത്തിന്റെയും കേന്ദ്രമാണു ഈ ലോകം. അതു രണ്ടും ഉണ്ടെങ്കിൽ നിങ്ങൾക്കു ഇവിടെ വിജയം നേടാം. ഗോപനെത്തന്നെ ഉദാഹരിക്കാമല്ലോ. നിങ്ങൾ സ്വപ്നേപി വിചാരിക്കാത്തതായിരുന്നതല്ലേ, അവനിൽനിന്നൊരു വഞ്ചന! ആ വഞ്ചനയൊന്നല്ലേ അവനെ വിജയി ആക്കിയതു്?"

"അവനെ വിജയി ആക്കിയോ? എങ്ങനെ? എന്തു വിജയമാണ് അവനു സിദ്ധിച്ചതു്?"

"നിങ്ങളെ വഞ്ചിച്ചു എന്നതും........"

"പിന്നെ? എന്താണ് അർദ്ധോക്തിയിൽ വിരമിച്ചതു്? മുഴുവനും പറയൂ."

"ഇന്ദിരയുടെ ഹൃദയം കവന്നു എന്നതും!......"

× × ×

III

താമസസ്ഥലത്തു ചെന്നു കിടന്നതു മാത്രമേ എനിക്കോർമ്മയുള്ളൂ.

പിറേറന്നു ഉച്ചതിരിഞ്ഞു എനിക്കൊരു ക്ഷണക്കത്തു കിട്ടി. ഇന്ദിരയുടെ വിവാഹം! ഗോപനാണ് വരൻ! ഞാൻ ആ കത്തു ചീന്തിക്കളഞ്ഞു. എന്റെ പേരെഴുതേണ്ടിടത്തു്, ആ മനുഷ്യാധമന്റെ ശപ്പ നാമധേയമല്ലേ, കരിമഷിയിൽ ലേഖനം ചെയ്തിരിക്കുന്നതു്? അതെനിക്കു സഹിക്കാൻ കഴിഞ്ഞില്ല. ഉടൻ തന്നെ ഞാൻ അവിടെനിന്നുമിറങ്ങി. ഗോപന്റെ ലോഡ്ജിലേയ്ക്കാണ് തിരിച്ചതു്. എന്റെ കയ്യിൽ രഹസ്യമായി ഒരു സാധനംകൂടിയുണ്ടായിരുന്നു. ഗോപനെന്തിനു ജീവിക്കുന്നു? ഇങ്ങനെയുള്ളവർ ലോകത്തിൽ നിന്നും മറഞ്ഞാൽ മാത്രമേ ലോകം നന്നാവുകയുള്ളൂ. അവരുടെ കപടഹാസത്തിൽ മയങ്ങി ലയിക്കാനേയുള്ളൂ മററുള്ളവർ. ഗോപനെ ഇനി അര നിമിഷം ജീവിക്കാൻ അനുവദിക്കരുതു്.

× × ×

ഗോപൻ ഒരു കസാലയിൽ കിടന്നു വായിക്കുകയായിരുന്നു. ചെന്ന പാടെ ഞാൻ എന്റെ കൈയ്യിലുണ്ടായിരുന്ന കഠാരി ഉയർത്തി. ആ കപടഹൃത്തിന്റെ ആഴമളക്കാൻ ആ കഠാരി മതിയായിരുന്നു. അവന്റെ ചുടുചോര പാളി വന്നു എന്റെ മുഖം പൊതിഞ്ഞു.

ഹ! എന്തൊരതിശയം! ഞാനുണന്നു. ഗോപനുമില്ല, ചോരയുമില്ല, ക്ഷണക്കത്തുമില്ല. ഇതിനെല്ലാം പുറമെ, എന്റെ മുഖത്തു ആരോ കുറേ പച്ചവെള്ളം കോരിയൊഴിച്ചിട്ടുണ്ട്. പകൽ കിടന്നുറങ്ങിയതിനു ശിക്ഷയായി ഞങ്ങളുടെ ലോഡ്ജിലുള്ള ഒരു 'തിരുവാഴ്ത്താൻ' ചെയ്ത വേലയായിരുന്നു അതു്. ഏതായാലും ജയിലിൽ പോകാതെ കഴികയും ചെയ്തു. സ്വപ്നലോകത്തിൽ വച്ചു്, അതേ, ഭാവനാലോകത്തിൽ വച്ചു് എനിക്കു പ്രതികാരം ചെയ്യാനും കഴിഞ്ഞു.

ഇന്ദിര ഇപ്പോഴും ഒരു ബാലികയാണ്. അവളുടെ ഭാവിവരനായ ആ ഭാഗ്യവാൻ ആരാണെന്നു കഥാകാരനു മാത്രമേ അറിയാവൂ. കഴിവതും അതൊരു രഹസ്യമായിത്തന്നെ ഇരിക്കും!

ശുഭം.

S. K. Nayar,
Class II.

---

## "ആരാധന"

I

സമയം ഏകദേശം മണി മൂന്നു കഴിഞ്ഞു. ആദിത്യഭഗവാന്റെ അത്യുഗ്രകിരണങ്ങൾ തട്ടി ചുട്ടുപഴുത്തു കിടക്കുന്ന ആ സൈകതത്തട്ടിൽ ജീവലോകത്തിന്റെ യാതൊരു ലക്ഷ്യവും പ്രകടിതമാകുന്നില്ല. അവിടം നിശബ്ദവും നിർജ്ജീവവും ആണെങ്കിലും, സൂര്യരശ്മിയുടെ പ്രതിഫലനത്താൽ പ്രശോഭിതമായ ആ പ്രദേശത്തിന്റെ മനോഹാരിത ഒന്നു പ്രത്യേകം തന്നെയാണ്. ആ ആൽത്തറയിൽ കയറിയിരുന്നു ആററിലേക്കു ഒന്നു നോക്കുന്നതായാൽ, ഏതൊരു ഹൃദയമാണു പ്രകൃതിരമണീയതയാൽ ആകൎഷിതമാകാത്തതു? ഏതൊരു സഹൃദയനാണു കവിതാംഗനയാൽ ആശ്ലേഷിതനാകാത്തതു്? ആദിത്യഭഗവാന്റെ തീവ്രത അവസാനിക്കാറായപ്പോഴേക്കു മന്ദമാരുതൻ സ്വച്ഛന്ദഗമനം ആരംഭിച്ചു. ഇതിനിടയിൽ ചുററുപാടും നില്ക്കുന്ന വൃക്ഷസമൂഹങ്ങൾ തങ്ങളുടെ നിഴലുകളാകുന്ന നിലകംബളങ്ങളാൽ ആ വെൺമണൽത്തട്ടിന്റെ ഏറിയ ഭാഗവും അലങ്കരിച്ചുകഴിഞ്ഞു.

പ്രകൃതിവിലാസങ്ങൾ ഏകദേശം പ്രശാന്തമായ സായാഹ്നത്തിലേക്കു പ്രവേശിച്ചപ്പോൾ ആ പ്രദേശത്തിന്റെ നിർജ്ജീവതയെ നിഷ്കാസനം ചെയ്യുവാനെന്നപോലെ രണ്ടു കമനീയവിഗ്രഹങ്ങൾ ആ ആററുവക്കത്തു പ്രത്യക്ഷരായി. അവർ കുളിക്കുവാനുള്ള ഒരുക്കമാണ്. ഒന്നു സുമുഖനായ ഒരു യുവാവാണ്; മറേറതു സുകുമാരകളേബരയായ ഒരു ബാലികയാണെന്നു തോന്നുന്നു. ആ ചെറുബാലികയിൽ കൌമാരത്തിന്റെ അസ്തമയവും യൌവനത്തിന്റെ ഉദയവുംകൂടി സമ്മേളിച്ചുള്ള ഒരു കാന്തിപ്രസരം സ്ഫുരിക്കുന്നുണ്ട്. പ്രകൃതിസൌന്ദര്യം ആസ്വദിച്ചാനന്ദിക്കുന്നതിനോ എന്തോ, നമ്മുടെ യുവാവു ചുററുപാടുമൊന്നു സൂക്ഷ്മാവലോകനം ചെയ്തു. അനന്തരം അയാൾ നിൎവിശങ്കം കിഴക്കുവശം കുളിക്കുന്ന ബാലികയോടു അടുത്തു് അന്തരാത്മാവിന്റെ ഏതോ അജ്ഞാതമായ പ്രചോദനത്താൽ ഇപ്രകാരം ചോദിച്ചു.

"സരള എന്താ ഇന്നു തനിയെ കുളിക്കാൻ പോന്നതു്?"

"ഒന്നുമില്ല, ഞാൻ നേരത്തെ ഇങ്ങുപോന്നു. ശേഖരൻ പിന്നാലെ വരുന്നേയുള്ളൂ" എന്നു സരള സരസമധുരമായി നിസ്സങ്കോചം പ്രതിവചിച്ചു. കൎണ്ണപീയൂഷമായ ആ നിഷ്കളങ്കവചനം യുവാവിനെ ആഹ്ലാദഭരിതനാക്കി ഒന്നുകൂടി ആശാകേന്ദ്രത്തിലേക്കു ഉന്നമിപ്പിച്ചു. യുവാവു ധൃതഗതിയിൽ ബാലികയോടടുത്തു, ലീലാലോലുപയായ അവളുടെ കരപല്ലവങ്ങളെ ഗ്രസിച്ചു് "സരളേ! ഞാൻ നിന്നെ സ്നേഹിക്കുന്നു; നിനക്കു എന്നിൽ സ്നേഹമുണ്ടോ?" എന്നു വേപഥുഗാത്രനായി അല്പം പരിഭ്രാന്തിയോടുകൂടി ചോദിച്ചു. ബാലിക ആകപ്പാടെ അന്ധാളിച്ചു സ്തംഭനാവസ്ഥയെ അവലംബിച്ചതല്ലാതെ മറുപടിയുരയ്ക്കുന്നതിനു ശക്തയായില്ല. കൌമാരകേളിവിലാസങ്ങൾ പരിത്യജിച്ചു താരുണ്യത്തിന്റെ തങ്കത്തളിമത്തിൽ പ്രവേശിച്ചിട്ടില്ലാത്ത ആ നിൎമ്മലഗാത്രിക്കു പ്രണയമെന്നതെന്തെന്നോ, പ്രേമസാമ്രാജ്യത്തിലെ മന്മഥവിഭ്രാന്തികളെന്തെന്നോ അറിവില്ലാത്തതുകൊണ്ടായിരിക്കാം ഇത്ര അത്ഭുതപരതന്ത്രയാകുന്നതിനിടയായതു്. ബാലികയുടെ ദയനീയാവസ്ഥയിൽ അലിവുതോന്നിയിട്ടോ, അതോ, തന്റെ പ്രേമാൎത്ഥനയെ അവൾ "മൌനംസമ്മതലക്ഷണം" എന്ന പ്രമാണത്താൽ അനുവദിച്ചെന്നു വിചാരിച്ചിട്ടോ എന്തോ, യുവാവു ആ കാമനീയകധാമത്തെ വിട്ടു പൂൎവ്വസ്ഥാനത്തെത്തി സ്നാനവിഷയത്തിൽ വ്യാപൃതനായി കാണപ്പെട്ടു. സരള അല്പം സംഭ്രാന്തയായെങ്കിലും വിളംബമെന്നിയേ കുളികഴിഞ്ഞു വീട്ടിലേക്കും യുവാവു കുളി കഴിഞ്ഞു ദേവദൎശനത്തിനായി ക്ഷേത്രസന്നിധിയിലേക്കും തിരിച്ചു.

ഇതു അവരുടെ പ്രഥമസന്ദൎശനവേളയല്ലായിരുന്നു. ഇതിനു മുമ്പു പലപ്പോഴും പല സന്ദൎഭത്തിലും ഇവർതമ്മിൽ പരസ്പരം കണ്ടു പരിചയമുണ്ടായിരുന്നെങ്കിലും ഇപ്പോഴാണു ആദ്യമായി സംസാരിക്കുന്നതിനു സാധിച്ചതു്. ഇപ്രകാരം ലഭിച്ച ചിരകാലപ്രതീക്ഷിതമായ ആ അപൂൎവ്വസന്ദൎഭത്തെ ഫലപ്രദമാക്കുന്നതിനു ശ്രമിച്ച യുവാവിന്റെ പ്രയത്നം ഏറെക്കുറെ സഫലമായി എന്നുവരികിലും പൂൎണ്ണവിജയം കരഗതമായില്ല. അതു പിന്നെയും ഭാവനാലോലമായ സങ്കല്പലോകത്തിൽ തന്നെ സ്ഥിതിചെയ്യുന്നു.

× × ×

II

ഉത്തരതിരുവിതാംകൂറിലെ ഒരുൽകൃഷ്ടകുടുംബത്തിലെ അംഗമാണ് "മുരളീധരൻ." സൌന്ദൎയ്യത്തിലും സമ്പത്തിലും അനന്യച്ചുംബിതമായ ഒരു സ്ഥാനത്തെയാണ് ഇദ്ദേഹം അലങ്കരിക്കുന്നതു്. ഉൽകൃഷ്ടവിദ്യാഭ്യാസാനന്തരം ഒരു വിദേശപൎയ്യടനവും കഴിച്ചു നാട്ടിൽ തിരിച്ചു് എത്തിയിരിക്കുന്ന മുരളീധരൻ തന്നാട്ടുകാരുടെ സ്നേഹവാത്സല്യാദരാദികൾക്കു് അധീനനായി കഴിഞ്ഞു

ക്കുകയാണ്. ഇപ്രകാരമുള്ള സർവ്വവിധസുഖസൌഖ്യങ്ങളാലും ആശ്ലേഷിതനാണെന്നുവരികിലും അദ്ദേഹത്തിന്റെ ഹൃദയാന്തർഭാഗത്തിലുള്ള ഏതോ നിഗൂഢ പ്രവർത്തനത്തിന്റെ ഫലമായി അദ്ദേഹം നിരന്തരദുഃഖം അനുഭവിക്കുന്നുണ്ടെന്നു മുഖം പ്രത്യക്ഷമാക്കുന്നുണ്ട്. അതേ, ഏതോ അനഭിഗമ്യമായ ആശാകേന്ദ്രത്തിൽ അദ്ദേഹത്തിന്റെ ഹൃദയപ്രവർത്തനം വലയം ചെയ്തുതുടങ്ങിയിട്ട് ഏറെ നാളായി! ഇപ്രകാരമുള്ള ആത്മാർത്ഥഹൃദയങ്ങളുടെ അജ്ഞാതപ്രവർത്തനങ്ങൾ ഏവരുടേയും ഭൂതകാലചരിത്രങ്ങളിൽ ചുഴിഞ്ഞു നോക്കുന്നതായാൽ കാണാവുന്നതാണ്. ഏവംവിധങ്ങളായ ഗൂഢശക്തികളുടെ അന്തർപ്രചോദനത്താൽ പ്രാപഞ്ചികജീവികളുടെ ജീവിതപന്ഥാവു സുഭഗവും സുഗമവും ആയിത്തീരുന്നതിന് ആ ദിവ്യശക്തി അനുവദിക്കുന്നില്ല. ഇതാണ് ഈ ഐഹികലോകത്തിലെ അജ്ഞാതമായ പ്രകൃതിവിശേഷം!

ഈയ്യിടയായി "മുരളി" രാഷ്ട്രീയരംഗത്തിൽ പ്രവേശിച്ചു പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. സമുദായോദ്ധാരകനായി സധൈര്യം രംഗപ്രവേശം ചെയ്തു ഈ അല്പകാലത്തിനുള്ളിൽ സമുദായോന്നമനത്തിനു വേണ്ടി നിരന്തര യത്നം ചെയ്തു പല കഷ്ടനഷ്ടങ്ങളും സഹിച്ചു മുരളിയെ സമുദായം സർവ്വാത്മനാ സ്നേഹിച്ചിരുന്നു. അങ്ങിനെയിരിക്കെയാണ് ഇത്തവണത്തെ അസംബ്ലി തിരഞ്ഞെടുപ്പു നടന്നത്. സ്നേഹിതന്മാരുടെ പ്രേരണയാൽ മുരളിയും ഒരു സ്ഥാനാർത്ഥിയായി നിന്നു. മററുള്ളവരുടെ അപാരമായ സാഹായ്യസഹകരണങ്ങളാലും അദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമത്താലും "മുരളി"യുടെ പ്രഥമപരിശ്രമം വിജയശ്രീലാളിതമായിത്തന്നെ പരിണമിച്ചു. ഒരു വലിയ ഭൂരിപക്ഷത്തോടുകൂടിത്തന്നെ മുരളീധരനെ ഉത്തരതിരുവിതാംകൂറിലെ പൊതുനിയോജകമണ്ഡലത്തിൽ നിന്നു ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടു.

× × ×

കാലകല്ലോല പ്രവാഹത്തിന്റെ നിരർഗ്ഗളഗമനത്താൽ നാം അന്ന് ആററിനരികിൽ കാണുന്നതിനിടയായ ആ ബാലിക—കൌമാരത്തെ അതിക്രമിച്ചിട്ടില്ലാതിരുന്ന ആ "സരള"—പ്രകൃതിശില്പിയുടെ കരകൌശലപാടവത്താൽ, ഇന്ന്, യൌവനയുക്തയായ ഒരു സൌന്ദര്യധാമമായി വ്യത്യാസപ്പെട്ടിരിക്കുന്നു. അന്നു "മന്മഥകഥാഗന്ധം" ലേശംപോലും ഗ്രഹിച്ചിട്ടില്ലാതിരുന്നതായ ആ കുമാരി ഇന്ന് ഏതൊരു ബ്രഹ്മചാരിയേയും വികാരാധീനനാക്കുന്നതിനു പര്യാപ്തമായ 'ചില്ലിവില്ലാട്ടങ്ങൾ' അഭ്യസിച്ചുകഴിഞ്ഞിരിക്കുന്നു. ഇന്നു 'സരള' അനന്തശയന നഗരിയിലെ അഭിഭാഷകപ്രവരന്മാരിലൊരാളായ ബാരിസ്റ്റർ മിസ്റ്റർ വിശ്വംഭരന്റെ പ്രേമഭാജനമായി പരിലസിക്കുകയാണ്. അന്നു നാം പുഴക്കരികിൽ കണ്ട ആ നിഷ്കളങ്ക ബാലിക എവിടെ? ഇന്നു തിരുവനന്തപുരം പട്ടണത്തിലെ യുവലോകത്തിന്റെ നയന സമ്മോഹനവിഗ്രഹമായി, അവിടത്തെ സർവ്വപൂകദംബത്തിൽ ഒരു കനകകിസലയമായി പരിശോഭിക്കുന്ന ആ നാഗിരകാംഗനയായ 'സരള' എവിടെ? അഹോ എന്തൊരു മാററം. ഇതു നിഷ്കളങ്കതയുടെ ക്ഷണികതയേയും കാപട്യത്തിന്റെ പൊലിമയേയുമല്ലേ പ്രകീർത്തനം ചെയ്യുന്നത്! ഇതിലാണ് പ്രകൃതിയുടെ വൈശിഷ്ട്യം പ്രത്യക്ഷമാകുന്നത്.

## III

ഇന്നു ജനപ്രതിനിധിസഭയുടെ പ്രഥമസമ്മേളനദിവസമാണ്. അന്തിമസൂര്യന്റെ ചെങ്കനൽപ്രഭയാൽ തിരുനവന്തപുരം പട്ടണം പ്രശോഭിതമായപ്പോൾ കൌൺസിൽ സമ്മേളനം അവസാനിച്ച്, കാര്യഗൌരവത്തോടുകൂടി എങ്കിലും കുതൂഹലചിത്തരായി ജനപ്രതിനിധികളും, പൊതുകാര്യപ്രസക്തന്മാരായ മററു സന്ദർശകന്മാരും കൌൺസിൽഹാൾവിട്ടു വിശാലമായ തെരുവീഥികളിൽ പ്രവേശിച്ചു. തെരുവീഥികൾ സായാഹ്നസവാരിക്കിറങ്ങിയിട്ടുള്ള സുമുഖന്മാരാൽ നിബിഡമായിരുന്നു. ഇക്കൂട്ടത്തിൽ ബാരിസ്റ്റർ മിസ്റ്റർ വിശ്വംഭരനും, സർവ്വാംഗവിഭൂഷിതയായ ഒരു ലലനാമണിയാൽ തന്റെ വാമഭാഗത്തെ അലങ്കരിച്ചുകൊണ്ട് ഒരു വണ്ടിയിൽ മന്ദഗമനം ചെയ്യുന്നുണ്ടായിരുന്നു. വഴിയിലുണ്ടായിരുന്ന മിക്കപേരും തങ്ങളറിയാതെ തന്നെ, വിശ്വംഭരന്റെ പ്രേമഭാജനമായ ആ സൌന്ദര്യാകാരത്തെ ഒന്നു കടാക്ഷിക്കാതിരുന്നില്ല. അവരും ആ ജനതതിയെ ആകമാനം ഒന്നു അവലോകനം ചെയ്തു. ആ ആൾക്കൂട്ടത്തിനിടയിൽ കണ്ടതായ ഏതോ, ഒരു സുപരിചിതമുഖം ആ മനോഹരാംഗിയുടെ പ്രത്യേകശ്രദ്ധയെ ആകർഷിച്ചു. തൽക്ഷണം ഏതോ പൂർവ്വകാലസ്മരണകൾ അവളുടെ സ്മൃതിപഥത്തിൽ തലയുയർത്തി. അപ്പോൾ അവളുടെ ഹൃദയമുകുരത്തിൽ പ്രതിഫലിച്ച വിചാരപരമ്പരകൾ ഏതെല്ലാമെന്നോ എന്തെല്ലാമെന്നോ അവൾക്കു തന്നെ നിശ്ചയമുണ്ടായിരുന്നില്ല.

സയാന്തന സവാരി കഴിഞ്ഞ് 'സരള' വീട്ടിൽ തിരിച്ചെത്തിയപ്പോൾ ക്ഷീണാധിക്യത്താലൊ അതോ, വികാരപാരവശ്യത്താലൊ തരളഹൃദയയായി ശയ്യാതലത്തെ ശരണം പ്രാപിച്ചു. പുറത്തെ വേനൽ ചൂടിനാലും അകത്തെ വേവൽ ചൂടിനാലും നേരം പാതിരാ കഴിഞ്ഞിട്ടും അവൾ നിദ്രാദേവിയുടെ പരിരംഭണത്തിനു പാത്രീഭവിച്ചില്ല. പൂർവ്വകാലയവനികക്കുള്ളിൽ മറഞ്ഞു കിടന്നിരുന്നവയും, തൽക്കാലം സ്മൃതിപഥത്തിൽ എത്തിച്ചേർന്നവയുമായ ഓരോ സംഭവങ്ങളേയും അവയുടെ സംബന്ധികളേയും അവൾ ചർച്ച ചെയ്തുനോക്കി. അവൾ തെരുവുവീഥിയിൽ കണ്ടതും അവളുടെ ശ്രദ്ധയെ ആകർഷിച്ചതുമായ ആ കോമളസ്വരൂപത്തെയാണു ആദ്യമായി സ്മരിച്ചത്. അതേ, അനതിവിദൂരമായ ഭൂതകാലത്തിൽ പ്രശാന്തസുന്ദരമായ ഒരു സായാഹ്നത്തിൽ ആ പുഴയിൽവച്ചു അവൾക്കു പ്രഥമമായി പ്രേമാരാധന നടത്തിയ ആ സുസ്മേരവദനനായ യുവകോമളനെയാണു അവൾ അവളുടെ മാനസികദർപ്പണത്തിൽ പ്രതിഫലിച്ചു കണ്ടത്. ആ യുവകോമളന്റെ അന്നത്തെ ചോദ്യം 'സരള എന്നെ സ്നേഹിക്കുന്നുവോ'—എന്നുള്ള ആ ചോദ്യം അവളുടെ കർണ്ണപുടത്തിൽ പല പ്രാവശ്യം മുഴങ്ങി! ആ അനർഘഭാഗ്യമായ സ്പർശനസുഖം അവൾ സങ്കല്പത്തിൽ അനുഭവിക്കുവാൻ ശ്രമിച്ചു, പക്ഷെ വിഫലമായി. ഭൂതകാലസംഭവങ്ങൾ അവൾക്കു സങ്കല്പ സുഖത്തിനുകൂടി അനുമതി നല്കുന്നില്ല. അന്നത്തെ ആ ചോദ്യത്തിനു ഇന്നു അനുകൂല മറുപടി പറയുന്നതിനു അവളുടെ പരിപക്വബുദ്ധി സന്നദ്ധമാണ്. എന്നാൽ 'ആരോടാണു പറയേണ്ടത്' 'എങ്ങിനെയാണു പറയേണ്ടത്' എന്നീ വിധ ചോദ്യങ്ങൾ അവളുടെ വിചാരഗതിയെ തടഞ്ഞു. അതു മാത്രമോ? ഇന്നവൾക്കു സ്വാതന്ത്ര്യമുണ്ടോ? അവൾ അന്യനു അധീനയല്ലേ? എന്തു ചെയ്യാം! അപക്വബുദ്ധിയുടെ അവികസിതാവസ്ഥയിൽ ചെയ്ത അപരാധത്തിനു ആരോടാണു ക്ഷമായാചനം ചെയ്യേണ്ടത്? അനിയന്ത്രിതവികാരപരമ്പരകളാൽ ചിന്താസ്വാസ്ഥ്യയായ അവൾ സംസാരാർണ്ണവത്തിലെ ദുഃഖക്കയത്തിൽ കിടന്നു മുങ്ങി മറിയുകയല്ലാതെ എന്തു നിവൃത്തി. ഇവയൊക്കെ കണ്ടു പഠിക്കുന്നതിനു ഐഹികസുഖത്തിൽ ആണ്ടുപോയ ലോകം സന്നദ്ധമാകുന്നില്ലല്ലോ!

× × ×

## IV

പാശ്ചാത്യ പരിഷ്കാരപ്രവാഹത്തിൽ നിഷ്പ്രയാസം കീഴടക്കപ്പെട്ടതായ തിരുവനന്തപുരം പട്ടണത്തിലാണ്, സമുദായോദ്ധാരകനും നിയമസഭാ സാമാജികനുമായ മിസ്റ്റർ 'മുരളീധരന്റെ' ഇപ്പോഴത്തെ താമസം. ബാരിസ്റ്റർ മിസ്റ്റർ വിശ്വംഭരൻ ഇദ്ദേഹത്തിന്റെ ഒരാത്മമിത്രവും സഹപ്രവർത്തകനുമാണ്. ഈയ്യിടയായി, ഉൽക്കടമായ ഏതോ ദുഃഖാതിരേകത്താൽ വിശ്വംഭരന്റെ മുഖതേജസ്സു അല്പം മ്ലാനമായി കാണപ്പെട്ടിരുന്നു. എന്നാൽ അതിന്റെ കാരണം അജ്ഞാതമായിരുന്നു.

ഉൽകൃഷ്ടവിദ്യാസമ്പന്നരും ഉല്പതിഷ്ണുക്കളുമായ മുരളീധരനും വിശ്വംഭരനും വലിയ സ്നേഹിതന്മാരായിരുന്നു എന്നുവരികിലും സന്ദർശനപ്രതിസന്ദർശനങ്ങൾ അപൂർവ്വമായിരുന്നു. വിശ്വംഭരൻ പലപ്പോഴും മുരളിയുടെ ആതിഥ്യം സ്വീകരിച്ചിട്ടുണ്ടെങ്കിലും 'മുരളി' ഇതുവരെ പ്രതിസന്ദർശനം നിർവ്വഹിച്ചിട്ടില്ല. എന്നാൽ ഒരു ദിവസം ഏതോ ഗൌരവമായ ഒരു കാര്യാലോചനക്കായി മുരളീധരൻ വിശ്വംഭര

ന്റെ ഭവനത്തിൽ ആഗതനായി. തൽസമയം വിശ്വംഭരൻ വെളിയിൽ എവിടെയോ പോയിരിക്കുകയായിരുന്നു. ഗൃഹനായകന്റെ സാന്നിദ്ധ്യം ഇല്ലായിരുന്നു എന്നുവരികിലും ഗൃഹാന്തർഭാഗത്തിൽ നിന്നുണ്ടായ ക്ഷീണസ്വരത്തിലുള്ള ഒരു സ്വാഗതം 'മുരളി'യെ അങ്ങോട്ടു ക്ഷണിച്ചു. അദ്ദേഹം ആ മുറിക്കകത്തു പ്രവേശിച്ചപ്പോൾ കണ്ടതായ കാഴ്ച ഏററവും അത്ഭുതാവഹമായിരുന്നു. തന്റെ പ്രിയ സ്നേഹിതന്റെ പ്രേമഭാജനമായ ആ ഭുവനൈകമോഹിനിയായ സൌന്ദര്യസർവ്വസ്വം അസ്ഥിമാത്രാവശേഷിതയായി ഒരു സോഫായിൽ കിടക്കുന്ന കാഴ്ച, മുരളീധരന്റെ സർവ്വശക്തികളേയും ക്ഷയിപ്പിച്ച് സ്തംഭനാവസ്ഥയിൽ എത്തിച്ചു. ഒരു കാലത്തു സൌന്ദര്യകാന്തിപ്രസരത്തെ പ്രവഹിപ്പിച്ചിരുന്ന കോമളാംഗിയായ സരളയുടെ, വാടിക്കരിഞ്ഞ മുഖകമലത്തിൽ കൃതാർത്ഥതാസൂചകമായ ഒരു നേരിയ മന്ദഹാസം വിളയാടി. അവളുടെ അഭീഷ്ടം സാധിച്ചതുപോലെ അവൾ ആനന്ദാതിരേകത്താൽ നിശ്ചലയായി സ്വല്പസമയം കിടന്നു. അവസാനം അവൾ വളരെ പണിപ്പെട്ടു മുരളിയോട്ട് ചിലതു ഉച്ചരിച്ചു. അതേ, അവൾ ഇത്രയും പറഞ്ഞു. “അല്ലയോ മഹാനുഭാവാ! അങ്ങ്........എന്റെ........സർവ്വാപ.....രാധ.....ങ്ങളും........ക്ഷമി....ക്കണേ.....അങ്ങയുടെ........നിഷ്കള.....കാനുരാ.....ഗാർച്ചനയെ........നിരസിച്ചു........എ.....ന്റെ........അപക്വ.....ബുദ്ധിയുടെ അവി....വേ.....കത്തിനു മാപ്പു.......തരണേ!......എ........എ........എന്റെ.....................”

സരളയുടെ ചുണ്ടുകൾ പിന്നേയും അനങ്ങുന്നുണ്ടായിരുന്നു; പക്ഷെ ഫലമുണ്ടായില്ല!

P. K. Kartha,
*Class IV.*

## Our Exchanges

**28th Sept. 1937 to 28th Feb. '38.**

The following magazines have been received with thanks :—

1. The Govt. Victoria College Magazine, Palghat.
2. The Chronicle, Serampore College Magazine.
3. The Journal of Madras University.
4. The Govt. College Miscellany, Mangalore.
5. St. John's College Magazine, Agra.
6. The National College Magazine, Trichinopoly.
7. The Ewing Christian College Magazine, Allahabad.
8. Indiana, Benares City.
9. Kishori Rimen's Inter-College Magazine, Muttra.
10. The Pudukottai College Magazine, Pudukottai.
11. The Excelsior, St. Berchman's College, Changanacherry.
12. The Sunflower, Women's Christian College, Madras.
13. The Madras Christian College, Madras.
14. Caritas, St. Joseph's Apostolic Seminary, Alwaye.
15. The Old College, Trivandrum.
16. The American College Magazine, Madura.
17. The "Field" Madras All-sports Journal.

*28th. Feb. '38.*

Printed by Mr. C. V. Mathew, at the C. M. S. Press, Kottayam,
and published by Mr. T. I. Poonen, M. A., Managing Editor, U. C. College Magazine, Alwaye

**Editorial Committee.**

The Principal
T. I. Poonen, M. A. (*Editor, English Section, and Manager*)
D. P. Unni, M. A. (*Editor, Malayalam Section*)
V. M. Ittyerah, M. A., B. Litt.
C. P. Mathew, M. A.
K. Jacob, M. A.
A. Aravamudha Ayyangar, M. A.

**Rate of Subscription** :—Twelve annas per annum.